Vol. 46, Issue 05, May 2024 Date of Publication : 15 May 2024
Place of Publication : Ernakulam. RNI No. KER/MAL/29523/78

# താലന്ത്

A Journal For Adult Catechesis





വരാപ്പുഴ അതിരൂപത
സഹായമെത്രാനായി നിയമിതനായ

## ഡോ.ആന്റണി വാലുങ്കൽ

പിതാവിന് ആശംസകളും പ്രാർത്ഥനകളും

– പി.ഒ.സി. കുടുംബം –

# താളുകളിലൂടെ..........


| | | |
|---|---|---|
| | എഡിറ്റോറിയൽ | 5 |
| 1. | **യൂക്യാറ്റ് മൂല്യമുള്ള മുത്ത്**<br>**ഫാ. സ്റ്റീഫൻ ചാലക്കര** | 6 - 13 |
| 2. | ഇതാണ് ദൈവാശ്രയബോധം<br>**സിസ്ററർ ഡോ. റൂബി സിറ്റിസി** | 14 - 22 |
| 3. | സന്തോഷകരമായ ജീവിതത്തിനുള്ള '**പാസ്സ്‌വേഡ്**' '**ക്രിസ്തുവാണ്**' (Pope Francis about YOUCAT)<br>**ബ്രദർ തോമസ് പോൾ കൊടിയൻ** | 23 - 28 |
| 4. | അമ്പത്തിയെട്ടാമത് ആഗോള മാധ്യമ ദിനം സംബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പ നൽകുന്ന സന്ദേശം | 29 - 39 |
| 5. | പാപസർപ്പപിശാചിന്റെ തല തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ<br>**എം. കോഴിമണ്ണിൽ** | 40 - 41 |
| 6. | യുവതയ്ക്കു മാതൃക യേശുനാഥൻ<br>**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി** | 42 |
| 7. | യുവജനവർഷ പ്രാർത്ഥന | 44 |
| 8. | നാടകം - നിഴൽ<br>**ബ്രദർ റൂബൻ വെൻസസ് പള്ളിപ്പറമ്പിൽ** | 45 - 59 |
| 9. | ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ | 60 - 63 |
| 9. | വാർത്തകൾ | 64 - 65 |
| 10. | സമീക്ഷകൻ<br>**ആന്റണി ചടയംമുറി** | 66 |

# Talent Magazine

**Monthly**

**A Journal For**
**Adult Catechesis**
**From The Secretariat**
**of KCBC, POC.**

**Volume : 46, Issue No. 05**
May 2024

Place of Publication : Ernakulam
RNI No. KER/MAL/29523/78



| | | |
|---|---|---|
| **Chief Editor** | : | Rev. Fr. Tony Kozhimannil |
| **Managing Editor** | : | Rev. Fr. Jacob G. Palackappilly |
| **Consulting Editor** | : | Rev. Fr. Michael Pulickal CMI |
| **Associate Editor** | : | Mr. Antony Chadayammuri |
| **Editorial Board** | : | Rev. Fr. Stephen Thomas Chalakara |
| | | Rev. Dr. Abraham Irimbinikal |
| | | Rev. Dr. Joju Kokkatt |
| | | Prof. K.M. Francis |
| | | Dr. Edward Edezhath |
| | | Chev. Dr. Premus Perinchery |
| | | Dr. Nycil Romis Thomas |
| **Circulation Manager** | : | Rev. Sr. Solly Chacko DCPB |
| **Design & Layout** | : | Mrs. Ambily Jose |



**Talent Publication Society**
P.O.C., Palarivattom, Kochi - 682 025
Mob: 944 744 1109, 999 543 3367, Email : thalenthu@gmail.com

എഡിറ്റോറിയൽ

# യുവജന വിശ്വാസപരിശീലനം

നിങ്ങൾ ലോകമെങ്ങും പോയി സർവ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ് 16:15) എന്ന ക്രിസ്തുവിന്റെ കല്പന സ്വീകരിച്ച അപ്പസ്തോലന്മാർ തങ്ങൾ കണ്ടതും കേട്ടതും അനുഭവിച്ചതുമായ ക്രിസ്ത്വനുഭവത്തെ ലോകത്തിന്റെ വിവിധയിടങ്ങളിൽ പങ്കുവച്ചു. അവരുടെ പഠിപ്പിക്കലുകളെ അവർ രക്തംകൊണ്ട് മുദ്രവച്ചു. പിന്നീട് വന്ന സഭാപിതാക്കന്മാർ ഈ വിശ്വാസ പൈതൃകത്തെ ഏറ്റുവാങ്ങി പകർന്നു കൊടുത്തു. വിശ്വാസത്തിന്റെ അമൂല്യമായ ഈ നിധിയുടെ പങ്കുവയ്ക്കലാണ് യഥാർഥത്തിൽ വിശ്വാസപരിശീലനം അഥവാ മതബോധനം അല്ലെങ്കിൽ വേദപാഠം അതുമല്ലെങ്കിൽ 'സൺഡേസ്കൂൾ': ഈ പദങ്ങൾക്ക് ഓരോന്നിനും അതിന്റേതായ ഒരു ചരിത്രമുണ്ട്; ഒരു പാരമ്പര്യമുണ്ട്; വിശ്വാസപരവും സംസ്കാരപരവുമായ പരിസരമുണ്ട്. എങ്കിലും 'ക്യാറ്റക്കേസിസ്' എന്ന പദത്തോട് ഏറ്റവും അടുത്തു നിൽക്കുന്നത് വിശ്വാസപരിശീലനം എന്ന പദമാണെന്ന് പൊതുവെ പറയപ്പെടുന്നു.


ആധുനിക ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുമ്പോൾ, ഭാരതമെന്ന ബഹുസ്വരതയുടെ നാട്ടിൽ വിശ്വാസപരിശീലനം ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാര്യമാണ്, പ്രത്യേകിച്ച്, യുവജനവിശ്വാസപരിശീലനം. അമ്മയായ സഭ എന്നും വിശ്വാസപരിശീലനത്തിന്



**ഫാ. ടോണി കോഴിമണ്ണിൽ**
ചീഫ് എഡിറ്റർ

പ്രാധാന്യം കൊടുക്കുന്നു. 1970-ൽ പുറത്തിറക്കിയ 'കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം' രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഒരു വലിയ ചുവട്വയ്പാണ്. അതിൽനിന്നും ഊർജമുൾക്കൊണ്ട് 2011-ൽ യുവജന മതബോധനഗ്രന്ഥം പുറത്തുവന്നു. 'മൂല്യമുള്ള മുത്ത്' എന്ന് ബനഡിക്റ്റ് പാപ്പാ വിളിച്ച മനോഹരഗ്രന്ഥം യുവജനങ്ങൾക്കുള്ള സമ്മാനമാണ്. രണ്ടു പുസ്തകങ്ങളുടെയും ഉള്ളടക്കത്തിന്റെ ഘടന സമാനമാണ്. വിശ്വാസപ്രമാണം, കൂദാശകൾ, കല്പനകൾ, പ്രാർഥന എന്നീ നാലു തൂണുകളിൽ പണിത മനോഹര സൗധങ്ങളാണ് ഇവ. യുവജനങ്ങളുടെ അഭിരുചിക്കനുസരിച്ച് കെട്ടിലും മട്ടിലും യുവത്വം തുളുമ്പുന്ന ഈ പുസ്തകത്തിന്റെ പരിചയപ്പെടുത്തൽ ഈ ലക്കത്തിലുണ്ട്. പെന്തക്കോസ്ത തിരുന്നാളിന്റെ ഒരുക്കത്തിലായിരിക്കുന്ന നമുക്ക് 'ജ്ഞാനത്തിലും പ്രായത്തിലും വളർന്ന' യുവജനസഭയെ സ്വപ്നം കാണാൻ സാധിക്കട്ടെ. *

# യൂ ക്യാറ്റ് - മൂല്യമുള്ള മുത്ത്






**ഫാ. സ്റ്റീഫൻ ചാലക്കര**
(സെക്രട്ടറി, കെസിബിസി.
യൂത്ത് കമ്മീഷൻ)

**മുൻമൊഴി**

ഒരു പാരമ്പര്യകഥയുണ്ട്. യേശുവിന്റെ കുരിശുവഴിയിൽ വെറോനിക്കയെന്ന സ്ത്രീ യേശുവിന്റെ തിരുമുഖം തുടച്ചുവെന്നും ആ തൂവാലയിൽ അവന്റെ മുഖഛായ പതിഞ്ഞുവെന്നും. രക്ഷകനായ യേശുവിന്റെ മുഖഛായ വിശ്വാസിയുടെ ഹൃദയത്തിൽ പതിപ്പിക്കുന്ന പരിശീലന പ്രക്രിയയാണ് കാറ്റക്കിസം. ഈ പദം 'കാറ്റക്കേയോ' എന്ന ഗ്രീക്ക് പദത്തിൽ നിന്നു ഉത്ഭവിച്ചതാണ്. അർത്ഥം 'മുകളിൽ നിന്നുള്ള സ്വരം'. ഒരു ഉയർന്ന പീഠത്തിൽ നിന്നും പ്രേക്ഷകരെ കേൾപ്പിക്കുന്ന സ്വരമെന്നു സാരം. പക്ഷേ ഈ വാക്കിന് 'അറിയിക്കുക' എന്നും 'പഠിപ്പിക്കുക' എന്നും സാധാരണ അർത്ഥങ്ങളുണ്ട്. 'ക്യാറ്റകോമ്പുകൾ' എന്നറിയപ്പെടുന്ന ഭൂഗർഭാലയങ്ങളിൽ ആദിമ സഭ പീഡനപർവ്വങ്ങളിലൂടെ കടന്നു പോകുമ്പോൾ തങ്ങളുടെ വിശ്വാസത്തിന്റെ നായകനായ ക്രിസ്തുവിനെ പ്രഘോഷിക്കാൻ ഒരു തലമുറയെ ഒരുക്കിയ ജീവിത പരിശീലനമാണ് കാറ്റക്കിസം.

ജീവനും മരണവും മുന്നിൽ നിൽക്കുമ്പോൾ അധികാരിക



ളായ പീഡകരുടെ മുന്നിൽ തങ്ങളുടെ ഹൃദയത്തിന്റെ തിരശീലയിൽ ദൈവപുത്രനായ ക്രിസ്തുവിന്റെ മുഖഛായ കാട്ടിക്കൊടുക്കുവാൻ ആ ജനതയെ പ്രാപ്തമാക്കിയ സഭയുടെ സാധനയാണ് കാറ്റക്കിസം.

## പുരാവൃത്തം - ഡിഡാകെ മുതൽ ഡുകാറ്റ് വരെ

സഭയുടെ ആദ്യനാളുകളിൽ ദൈവരാജ്യത്തിന്റെ പ്രഘോഷണമായിരുന്നു പ്രധാനം. കെരിഗ്മ എന്നാൽ ക്രിസ്തുരഹസ്യത്തിന്റെ ശുശ്രൂഷയും ഡിസ്കാലിയ എന്നാൽ വിശ്വാസസത്യങ്ങളുടെ പഠിപ്പിക്കലും ആയിരുന്നു. ഇതു രണ്ടും അപ്പസ്തോലിക കാലഘട്ടത്തിൽ അത്യാവശ്യമായിരുന്നു. ഇതു സ്വീകരിച്ചത് ജ്ഞാനസ്നാനം സ്വീകരിച്ച സഭാമക്കളായിരുന്നു. പിന്നീട് ഡിഡാകെ എന്നറിയപ്പെടുന്ന പരിശീലനപദ്ധതി രണ്ടാം തലമുറ ക്രിസ്ത്യാനികൾക്കായി നൽകപ്പെട്ടു, ബർണബാസ് എഴുതിയ ലേഖനമൊക്കെ ഈ സമയത്തെ കാറ്റക്കിസത്തിന്റെ ആദ്യരൂപങ്ങൾ ആണ്.

മൂന്നു വർഷത്തിലൊരിക്കൽ ഈസ്റ്റർ രാവിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനായി ഒരുങ്ങിയിരുന്ന കാറ്റക്യുമനേറ്റുകൾ' (പുതിയതായി ജ്ഞാനസ്നാനം സ്വീകരിക്കാൻ ഒരുങ്ങുന്ന പ്രായപൂർത്തിയായവർ) കടന്നുപോയ കഠിനമായ പരിശീലന പദ്ധതിയാണ്.

ആറാം നൂറ്റാണ്ടു മുതൽ സഭയിലെ വിശ്വാസപരിശീലനത്തിന് മാന്ദ്യം സംഭവിച്ചു. റോമാ സാമ്രാജ്യത്തിലെയും ഗ്രീക്കു സാമ്രാജ്യത്തിലെയും അവശിഷ്ട പ്രദേശങ്ങളിലുള്ള ഭൂരിപക്ഷം ജനങ്ങളും ക്രിസ്തീയ വിശ്വാസം പുൽകിയിരുന്നതുകൊണ്ട് സംഭവിച്ച മാറ്റമായിരുന്നു അത്. മധ്യയുഗത്തിലെ മാന്ദ്യത്തിനുശേഷം ട്രെന്റ് സൂനഹദോസ് വിശ്വാസപരിശീലനത്തിനായി പരിഷ്കാരങ്ങൾ വരുത്തി.



1529-ൽ ലൂഥർ പുറത്തിറക്കിയ കാറ്റക്കിസത്തിന് രണ്ടു ഭാഗങ്ങൾ ഉണ്ടായിരുന്നു. 1566 ൽ ട്രെന്റു കൗൺസിൽ റോമൻ കാറ്റക്കിസം പുറത്തിറക്കി.

1598-ൽ ക്ലെമന്റ് എട്ടാമൻ പാപ്പയുടെ നിർദ്ദേശപ്രകാരം റോബർട്ട് ബെല്ലാർമിന്റെ കാറ്റക്കിസം പുറത്തുവന്നു. ഒന്നാം വത്തിക്കാൻ കൗൺസിൽ വരെ ഇതായിരുന്നു കാറ്റക്കിസത്തിനുള്ള മാതൃക. 1971-ൽ നടന്ന അന്താരാഷ്ട്ര കാറ്റക്കെറ്റിക്കൽ കോൺഗ്രസിനു ശേഷം ജനറൽ കാറ്റക്കെറ്റിക്കൽ ഡയറക്ടറി പുറത്തുവന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ കാറ്റു വീശിയിരുന്ന കാലത്ത് വി. ജോൺ പോൾ രണ്ടാമൻ പ്രത്യേക സിനഡ് 1985 -ൽ വിളിച്ചുകൂട്ടി. അതിന്റെ ഫലമായി 1992-ൽ സാർവത്രികസഭയുടെ മതബോധനഗ്രന്ഥം പുറത്തു വന്നു. പിന്നീട് ബനഡിക്റ്റ് പതിനാറാമൻ എന്ന പാപ്പയായി മാറിയ റാറ്റ്സിംഗറിന്റെ നേതൃത്വത്തിൽ 1997-ൽ **'ജനറൽ ഡയറക്ടറി ഓഫ് കാറ്റക്കേസിസ് '** നവീകരിച്ച് പുറത്തിറക്കി. ഈ നാഴികക്കല്ലുകൾക്കുശേഷം വിയന്ന അതിരൂപതയുടെ മെത്രാപ്പൊലീത്ത കർദ്ദിനാൾ ക്രിസ്റ്റോഫർ ഷോൺബോൺ എഡിറ്റർ ആയി ബനഡിക്ട് പതിനാറാമൻ പാപ്പയുടെ ആമുഖത്തോടു കൂടി 2011 മാർച്ചു മാസം 25-ാം തീയതി മംഗളവാർത്തതിരുന്നാൾദിനം ജർമ്മൻ ഭാഷയിൽ കത്തോലിക്കാസഭയുടെ യുവജന മതബോധനഗ്രന്ഥം പുത്തിറക്കി. 'YOUCAT' എന്ന ചുരുക്കപ്പേരിൽ വന്ന ഈ ഗ്രന്ഥം 2011 ഓഗസ്റ്റ് 16 മുതൽ 21 വരെ സ്പെയിനിലെ മാഡ്രിഡിൽ നടന്ന അന്താരാഷ്ട്ര യുവജനദിനത്തിൽ പങ്കെടുത്ത ഇരുപതുലക്ഷം യുവാക്കൾക്ക് പരിശുദ്ധ ബനഡിക്റ്റ് പാപ്പ സമ്മാനമായി നൽകി. ചൈനീസും അറബിയുമുൾപ്പെടെ ഇരുപത്തിയഞ്ചോളം ഭാഷ




കളിൽ ഇത് നൽകപ്പെട്ടു. 2015-ൽ യുവജനങ്ങൾക്കായി സഭയുടെ സാമൂഹിക പ്രബോധനങ്ങളെ അടിസ്ഥാനപ്പെടുത്തി പഠനം സാധ്യമാക്കുന്ന DOCAT പുറത്തിറക്കി. പരിശുദ്ധ ഫ്രാൻസീസ് പാപ്പ തന്റെ മുൻഗാമികളുടെ പാതയിൽ മുന്നേറുന്ന കാഴ്ചയാണ് നാം കാണുന്നത്.

## മൂല്യമുള്ള മുത്ത്

“ഈ മതബോധനഗ്രന്ഥം പഠിക്കുക. എന്റെ ഹൃദയംഗമമായ ആഗ്രഹമാണ്. ഇത് നിങ്ങളെ സന്തോഷിപ്പിക്കാൻ രചിച്ചതല്ല. ഇത് നിങ്ങളുടെ ജീവിതം എളുപ്പമുള്ളതാക്കില്ല. എന്നാൽ നിങ്ങൾക്ക് ഒരു പുതിയ ജീവിതം ഉണ്ടാകണമെന്ന് ഇത് ആവശ്യപ്പെടുന്നു. നിന്റെ സകലതും കൊടുക്കേണ്ടിയിരിക്കുന്ന മഹത്തായ മൂല്യമുള്ള മുത്ത് (മത്താ 13:46) എന്ന നിലയിൽ സുവിശേഷ സന്ദേശം ഇത് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നു. അതുകൊണ്ട് ഞാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്. ആവേശത്തോടും സ്ഥിരോത്സാഹത്തോടും കൂടെ ഈ മതബോധന ഗ്രന്ഥം പഠിക്കുക. നിങ്ങളുടെ സമയം ഇതിനായി ബലിയർപ്പിക്കുക” (യൂ ക്യാറ്റിലെ ബനഡിക്റ്റ് പതിനാറാമൻ പാപ്പയുടെ ആമുഖ കുറിപ്പിൽനിന്ന്)

സഭയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് യൂ ക്യാറ്റ് എന്ന ഗ്രന്ഥം. യുവജനങ്ങളുടെ മനോനിലവാരത്തിനൊത്ത് ക്രിസ്തു സത്യങ്ങളെ സഭ വിശദീകരിച്ചു

നൽകുന്ന സുന്ദരഗ്രന്ഥം. ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ തന്റെ ജനത്തോട് അപേക്ഷിക്കുന്നു ഈ മൂല്യമുള്ളമുത്തിനെ പഠിക്കാൻ. പരസ്പരം പങ്കുവയ്ക്കാൻ.

നാല് ഭാഗങ്ങളിലായി 527 ചോദ്യോത്തരങ്ങളിലൂടെ കത്തോലിക്കാസഭയുടെ വിശ്വാസസമ്പത്തിനെപ്പറ്റി സമഗ്രമായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം കെട്ടിലും മട്ടിലും യുവത്വം പ്രസരിപ്പിക്കുന്ന കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ യുവപതിപ്പാണ്. ഇതിന്റെ റഫറൻസുകൾ ഇതിന്റെ ഉള്ളടക്കത്തെ ആധികാരികമാക്കുന്നു. എന്നാൽ ഡിസൈനിൽ സഭാപിതാക്കന്മാരുടെയും വിശുദ്ധരുടെയും പ്രസക്തമായ ഉദ്ധരണികൾ ചേർത്തിരിക്കുന്നു. യുവജനശൈലിയിലുള്ള ആകർഷകമായ സംക്ഷിപ്ത നിർവചനങ്ങൾ, ചിത്രങ്ങൾ, വരകൾ, മുദ്രകൾ ഒക്കെയും ചേർത്ത് ഡിജിറ്റൽ പരിസരത്തെ യുവാക്കൾക്കായി ഒരുക്കിയിരിക്കുന്ന നാലു മനോഹരമുഖമുള്ള മുത്താണ് യൂ ക്യാറ്റ്.

## യൂ ക്യാറ്റ് ഒന്നാം ഭാഗം : എന്താണ് നാം വിശ്വസിക്കുന്നത്?

കത്തോലിക്കാമതബോധന ഗ്രന്ഥത്തിന്റെ തന്നെ ഘടനയിലും യൂ ക്യാറ്റിലും നാം കാണുന്നത് നാലു ഭാഗങ്ങളാണ്. ഒന്നാം ഭാഗത്ത്, നാം വിശ്വസിക്കുന്ന രഹസ്യങ്ങളെക്കുറിച്ച് (വിശ്വാസപ്രമാണങ്ങൾ) പ്രതിപാദിക്കുന്നു. ആറു അധ്യായങ്ങളിലായി 165 ചോദ്യോത്തരങ്ങളിലൂടെ വിശ്വാസത്തിന്റെ വിശുദ്ധഘട്ടങ്ങളെക്കുറിച്ചും വിശ്വാസം പ്രഖ്യാപിക്കുമ്പോൾ അതിനെ അറിയേണ്ടതിനെക്കുറിച്ചും പഠിപ്പിക്കുന്നു, ദൈവത്തെ പ്രാപിക്കാനുള്ള മനുഷ്യന്റെ കഴിവ് മനുഷ്യനു നൽകുന്ന പ്രത്യുത്തരം എന്നിവയെക്കുറിച്ച് ആദ്യത്തെ മൂന്ന് അധ്യായങ്ങളും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിലുള്ള വിശ്വാസവും അതു സംബന്ധിച്ച് യുവജന മനസ്സുകളിൽ ഉയരാൻ സാധ്യതയുള്ള ചോദ്യങ്ങളും ഉത്തരങ്ങളുമായി അടുത്ത മൂന്നു അധ്യായങ്ങളും ഒരുക്കിയിരിക്കുന്നു, നമ്മുടെ വിശ്വാസപ്രമാണങ്ങൾക്കു മുന്നിൽ വിനീതമായ ആത്മാവു

മായി നിന്നുകൊണ്ട് അതിന്റെ ആഴങ്ങളെയും അർത്ഥങ്ങളെയും പഠിച്ച് വിശ്വസിച്ച് 'ആമേൻ' (അങ്ങനെയായിരിക്കട്ടെ) എന്നു പറയാൻ പ്രചോദിപ്പിക്കുന്ന ഒന്നാം ഭാഗത്തിന് വി. അഗസ്തീനോസിന്റെ വാക്കുകൾ മകുടം ചാർത്തുന്നു. "ആമേൻ എന്നു പറയുന്നവൻ വിശ്വാസത്തിൽ ഒപ്പ് വയ്ക്കുന്നു. " (165)

**രണ്ടാം ഭാഗം :**
**നാം എങ്ങനെ ക്രൈസ്തവ രഹസ്യങ്ങൾ ആഘോഷിക്കുന്നു?**

166 മുതൽ 278 വരെയുള്ള 112 ചോദ്യങ്ങളിലൂടെ ക്രിസ്തീയ രഹസ്യങ്ങളുടെ ആഘോഷങ്ങളായ കൂദാശകളെപ്പറ്റി വിവരിക്കുന്ന ഈ ഭാഗം രണ്ടായി തിരിച്ചിരിക്കുന്നു. കൂദാശകളെക്കുറിച്ചുള്ള പ്രത്യേക പഠനം നാലു അധ്യായങ്ങളിലായും വിവരിക്കുന്നു. 'ദൈവത്തിന്റെ പ്രവൃത്തികൾ' അദൃശ്യമായ വരപ്രസാദമായി ദൃശ്യരൂപത്തിൽ പ്രകടമാകുന്ന വിശുദ്ധ അടയാളങ്ങളായി കൂദാശകളെ കാണാനും അതനുഭവിക്കാനും ആ രഹസ്യങ്ങളിലൂടെ വെളിവാകുന്ന രക്ഷയുടെ അനുഭവം സ്വായത്തമാക്കാനും നമ്മളെ പ്രചോദിപ്പിക്കുകയെന്നതാണ് കൂദാശകളെപ്പറ്റിയുള്ള രണ്ടാം ഭാഗത്തിന്റെ ഉദ്ദേശ്യം.

**മൂന്നാംഭാഗം :**
**എങ്ങനെയാണ് ക്രിസ്തുവിലുള്ള ജീവിതം ഉണ്ടായിരിക്കേണ്ടത്?**

279 മുതൽ 468 വരെയുള്ള 89 ചോദ്യങ്ങൾക്കുള്ള ഉത്തരമായി കല്പനകൾക്കുള്ള പൊതു ആമുഖവും 10 കല്പനകളുടെ വിശദീകരണവും നൽകിയിരിക്കുന്നു. മനുഷ്യവ്യക്തിയുടെ മാഹാത്മ്യം, മനുഷ്യസമൂഹം, ദൈവം നല്കുന്ന രക്ഷ എന്നിങ്ങനെ മൂന്നു അധ്യായങ്ങളിലായി കല്പനകൾക്ക് ആമുഖമായി ചേർക്കുന്നു. രണ്ടാം ഭാഗത്ത് രണ്ട് അധ്യായങ്ങളിൽ കല്പനകൾ അതിന്റെ പ്രായോഗികതയും ജീവിതശുദ്ധിക്കിണങ്ങും വിധം വ്യാഖ്യാനിക്കപ്പെടുന്നു. "ഇന്നത്തെ നീതി ഇന്നലത്തെ പരസ്നേഹമാണ്. ഇന്നത്തെ പരസ്നേഹം നാളത്തെ നീതിയാണ്" എന്ന രക്തസാക്ഷിയായ വൈദികൻ ഗില്ലെറ്റിന്റെ വാക്കുകൾ എത്ര മനോഹരമാണ് (P181).

## നാലാം ഭാഗം : നമുക്ക് എങ്ങനെ പ്രാർത്ഥിക്കാം ?


469 മുതൽ 527 വരെയുള്ള 58 ചോദ്യോത്തരങ്ങളിലൂടെ ക്രൈസ്തവ പ്രാർത്ഥനയെക്കുറിച്ച് വിവരിക്കുന്നു. ആദ്യത്തെ മൂന്നു അധ്യായങ്ങളിലായി *പ്രാർത്ഥനയുടെ നിർവചനം, ഉറവിടം, പ്രാർത്ഥനയുടെ പരമസത്യം, പ്രാർത്ഥനാ ജീവിതം എന്നിവ വിവരിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന കർതൃപ്രാർത്ഥനയാണ് രണ്ടാം ഭാഗത്ത്. ജനകീയ പ്രാർത്ഥനയായ നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയുടെ സാംഗത്യം പരിശുദ്ധ അമ്മയോടുള്ള വണക്കത്തിന്റെ യുക്തി വെളിവാക്കുന്നു.* വാചിക പ്രാർത്ഥന, ധ്യാനം, അതിഗാഢ ധ്യാനം എന്നീ മൂന്നു രീതിയും ആശിർവാദ പ്രാർത്ഥന, ആരാധന, യാചന പ്രാർത്ഥന, മധ്യസ്ഥ പ്രാർത്ഥന, കൃതജ്ഞതാപ്രകാശനം, സ്തുതിപ്പ് എന്നീ അഞ്ചിന പ്രാർത്ഥനകളും, പ്രാർത്ഥനയുടെ വിവിധ ശരീര ഭാഷകളും വിശദീകരിച്ചു നൽകപ്പെടുന്നു. "ഞാൻ ദൈവത്തെ നോക്കുന്നു. അവിടുന്ന് എന്റെ നേരെ നോക്കുന്നു" ജോൺ മരിയ വിയാനി പ്രാർത്ഥനയ്ക്കു നൽകിയ നിർവചനം (P 276) ഇവിടെ നൽകിയിട്ടുണ്ട്.

## പിൻമൊഴി


"നിങ്ങളുടെ വിശ്വാസം സൂര്യപ്രകാശത്തിൽ മഞ്ഞുതുള്ളി വറ്റിപ്പോകുന്നതുപോലെ വറ്റിപ്പോകാതിരിക്കണമെങ്കിൽ ഉപഭോഗ സംസ്കാരത്തിന്റെ അനുനയം തടഞ്ഞു നിർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ സ്നേഹം അശ്ലീല സാഹിത്യത്തിൽ മുങ്ങിപ്പോകാതിരിക്കണമെങ്കിൽ, നിങ്ങൾ ദുർബലരെ ഒറ്റിക്കൊടുക്കാതിരിക്കുകയും മുറിവേൽപ്പിക്കപ്പെടുന്നവരെ നിരാശ്രയരായി തള്ളിക്കളയാതിരിക്കുകയും ചെയ്യണമെങ്കിൽ നിങ്ങൾക്ക് ദൈവസഹായമുണ്ടായിരിക്കണം" ബനഡിക്റ്റ് പതിനാറാമൻ പാപ്പ, യൂ ക്യാറ്റിന്റെ മുഖവുരയിൽ പറയുന്ന ഈ വാക്കുകൾ കേൾക്കുന്ന യുവജനങ്ങൾക്ക് പ്രാർത്ഥനാപൂർവ്വം വായിക്കാനും പങ്കുവയ്ക്കാനും 'ജ്ഞാനത്തിലും പ്രായത്തിലും വളർന്നുവന്ന' ക്രിസ്തുവിനോടു അനുരൂപപ്പെടാനും സഹായകമാകുന്ന അമൂല്യമായ മുത്താണ് യൂ ക്യാറ്റ് എന്ന യുവജനമതബോധന ഗ്രന്ഥം.



(സഭയുടെ സാമൂഹിക പ്രബോധനങ്ങളെ അടിസ്ഥാനമാക്കി വിശ്വാസജീവിതത്തിന്റെ സ്ഥൂലവും സൂക്ഷ്മവുമായ തലങ്ങളെയും വ്യക്തിപരവും സമൂഹപരവുമായുള്ള അടരുകളെയും പ്രതിപാദിക്കുന്ന DOCAT എന്ന പുസ്തകം അടുത്ത ലക്കം താലന്തിൽ പരിചയപ്പെടുത്തുന്നു).



# ഇതാണ്
# ദൈവാശ്രയബോധം
# (C'EST LA CONFIANCE)






**സിസ്റ്റർ ഡോ. റൂബി**
കുറുപ്പശ്ശേരി, സി.റ്റി.സി.

**ആമുഖം**

2023 ഒക്ടോബർ 15-ാം തീയതി, ആവിലായിലെ വിശുദ്ധ അമ്മത്രേസ്യായുടെ സ്മരണാദിനത്തിൽ, ഫ്രാൻസിസ് പാപ്പാ തന്റെ പരമാചാര്യസ്ഥാനത്തിന്റെ പതിനൊന്നാം വർഷം ഉണ്ണിയേശുവിന്റെയും തിരുമുഖത്തിന്റെയും വിശുദ്ധ ത്രേസ്യായുടെ 150-ാം ജയന്തിയോടനുബന്ധിച്ച് ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്തിൽ ആശ്രയിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്ന അപ്പസ്തോലിക ആഹ്വാനം പുറപ്പെടുവിക്കുകയുണ്ടായി. 'ഇതാണ് ദൈവാശ്രയബോധം', ഇതല്ലാതെ മറ്റൊന്നില്ല; ഈ ദൈവാശ്രയബോധമാണ് നമ്മെ സ്നേഹത്തിലേക്ക് നയിക്കേണ്ടത് (ഖ, 1). വിശുദ്ധ ത്രേസ്യായുടെ ഈ സുന്ദരമായ വാക്കുകളിൽ അവളുടെ ആധ്യാത്മികതയുടെ സർഗാത്മകത മുഴുവനും നിറഞ്ഞിരിക്കുന്നു എന്നും അവളെ വേദപാരംഗത (Doctor of the Church)

എന്ന് വിളിച്ചതിന് ഈ വാക്കുകൾതന്നെ മതിയായ കാരണമാകും എന്നും ഫ്രാൻസിസ് പാപ്പാ കരുതുന്നു.

ആഗോള കത്തോലിക്കാസഭയിൽ ഏറ്റവും പ്രശസ്തയും ഏറെ പ്രിയങ്കരിയുമായ വിശുദ്ധയാണ് കൊച്ചുത്രേസ്യാ എന്നും അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പോലെ അക്രൈസ്തവരും അവിശ്വാസികളും അവളെ സ്നേഹിക്കുന്നു എന്നും പറയാൻ പാപ്പാ താല്പര്യപ്പെടുന്നു. കേവലം നാല് അദ്ധ്യായങ്ങളിലായി 53 ഖണ്ഡികകൾ മാത്രമുള്ള ഈ അപ്പസ്തോലിക ആഹ്വാനം താരതമ്യേന വളരെ ചെറുതാണ്. ഈ ചെറുഗ്രന്ഥം ദൈവജനത്തിനായി സമർപ്പിച്ചുകൊണ്ട് 'സുവിശേഷത്തിന്റെ ആനന്ദ'ത്തിൽ (*Evangeli Gaudium*) പറയുന്നതുപോലെ ഉറവിടത്തിന്റെ നൂതനതയിലേക്ക് തിരികെ പോകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഫ്രാൻസിസ് പാപ്പാ നമ്മെ ഉദ്ബോധിപ്പിക്കുന്നു (ഖ, 46). ആധുനിക കാലഘട്ടത്തിന്റെ കാതലായ പ്രശ്നങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് പരിഹാരത്തിനായി വി. ത്രേസ്യാ കൈക്കൊണ്ട മാർഗങ്ങൾ ഫ്രാൻസിസ് പാപ്പാ നമ്മുടെ വിചിന്തനത്തിനായി നൽകുന്നു. അദ്ദേഹം പറയുന്നു: മനുഷ്യമനസ്സുകളെ സ്വാർത്ഥത കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, നമ്മുടെ ജീവിതങ്ങളെ ഒരു ദാനമായി സമർപ്പിക്കുന്നതിന്റെ സൗന്ദര്യത്തിലേക്ക് ത്രേസ്യാ വിരൽ ചൂണ്ടുന്നു. ഉപരിപ്ലവമായ ആഗ്രഹങ്ങളും ആവശ്യങ്ങളും മഹത്വവൽകരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ, അവൾ സുവിശേഷത്തിന്റെ മൗലികതയ്ക്ക് സാക്ഷ്യം വഹിക്കുന്നു. വൈയക്തികതയ്ക്ക് ഊന്നൽ നൽകുന്ന ഈ കാലഘട്ടത്തിൽ മറ്റുള്ളവർക്കുവേണ്ടി മാധ്യസ്ഥ്യം പറയുംവിധം സ്നേഹത്തിന്റെ മൂല്യം കണ്ടെത്താൻ അവൾ നമ്മെ സഹായിക്കുന്നു. പ്രതാപത്തിനും അധികാരത്തിന്റെ പുതിയ രൂപങ്ങൾക്കും പ്രാമുഖ്യം നൽകുന്ന ഈ കാലഘട്ടത്തിൽ അവൾ നമുക്കു 'കുറുക്കുവഴി' ചൂണ്ടിക്കാണിച്ചുതരുന്നു. നിസ്സംഗതയും സ്വയോന്മുഖതയും ഇന്ന് മാനവകുലത്തിന്റെ മുഖമുദ്രയായി മാറുമ്പോൾ യേശു

ക്രിസ്തുവിലും അവന്റെ സുവിശേഷത്താലും ആകൃഷ്ടരായി പ്രേഷിതശിഷ്യരായിരിക്കാൻ ത്രേസ്യാ നമ്മെ പ്രേരിപ്പിക്കുന്നു. സങ്കീർണതയുടെ ഈ കാലഘട്ടത്തിൽ, ലാളിത്യം, സ്നേഹത്തിന്റെ കറതീർന്ന പ്രാമുഖ്യം, ആശ്രയബോധം, വിട്ടുകൊടുക്കൽ എന്നിവയുടെ പ്രാധാന്യം വീണ്ടും കണ്ടെത്താൻ അവൾ നമ്മെ സഹായിക്കുന്നു (ഖ, 52). തികച്ചും സാധാരണത്വം നിറഞ്ഞതും, കേവലം 24 വർഷം മാത്രം ഭൗമിക ജീവിതം ലഭിച്ചതും, വളരെ ഹ്രസ്വവുമായ വിശുദ്ധ ത്രേസ്യായുടെ ജീവിത വഴിത്താരയിൽ ഇടപെട്ട പാപ്പാമാരുടെ വലിയ ഒരു നിരയെക്കുറിച്ചുതന്നെ ഈ ചെറു ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്.

1887-ൽ ലിയോ പതിമൂന്നാമൻ പാപ്പായെ കാണുകയും തന്റെ 15-ാം വയസ്സിൽ കർമല മഠത്തിൽ ചേരാനുള്ള അനുവാദം ചോദിക്കുകയുമുണ്ടായി. പീയൂസ് പത്താമൻ പാപ്പാ അവളുടെ ആധ്യാത്മികതയുടെ ഐശ്വര്യം മനസ്സിലാക്കിക്കൊണ്ട് അവൾ ആധുനികകാലത്തെ ഏറ്റവും മഹത്വമേറിയ വിശുദ്ധ എന്ന് വിളിക്കപ്പെടും എന്നു പ്രസ്താവിക്കുകയുണ്ടായി. 1921-ൽ ബെനഡിക്ട് പതിനഞ്ചാമൻ പാപ്പാ ത്രേസ്യായെ 'ധന്യ'എന്നു വിളിക്കുകയും അവളുടെ ആധ്യാത്മിക ശൈശവ ഭാവത്തിന്റെ കുറുക്കുവഴിയെ (little way) പ്രകീർത്തിക്കുകയും ചെയ്തു. 1923 എപ്രിൽ 29 ന് (ഒരു നൂറ്റാണ്ടുമുമ്പ്) പീയൂസ് പതിനൊന്നാമൻ പാപ്പാ ത്രേസ്യായെ 'വാഴ്ത്തപ്പെട്ടവൾ' എന്ന് വിളിക്കുകയും, 1925 മെയ് 17-ന് 'വിശുദ്ധയായി' പ്രഖ്യാപിക്കുകയും, 1927 ഡിസംബർ 14-ന് മിഷനറി പ്രവർത്തനത്തിന്റെ മധ്യസ്ഥയായി (Patroness of the Missions) പ്രഖ്യാപിക്കുകയും ചെയ്തു.

1944-ലാണ് ത്രേസ്യായെ ഫ്രാൻസിന്റെ മധ്യസ്ഥരിൽ ഒരാളായി പീയൂസ് പന്ത്രണ്ടാമൻ പാപ്പാ (one of the patron saints) പ്രഖ്യാപിച്ചത്. അവളുടെ മരണദിനമായ 1897 സെപ്റ്റംബർ 30-ാം തീയതി ആയിരുന്നു തന്റെ ജ്ഞാനസ്നാന സ്വീകരണദിനമെന്ന് അനുസ്മരിക്കാൻ വിശുദ്ധ പോൾ ആറാമൻ പാപ്പാ താല്പര്യപ്പെട്ടു. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ 1980 ജൂൺ 2-ാം തീയതി ഫ്രാൻ

സിൽ നടത്തിയ തന്റെ ഒന്നാമത്തെ അപ്പസ്തോലിക യാത്രയിൽ അവളുടെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ബസിലിക്ക സന്ദർശിക്കുകയും 1997-ൽ വി. ത്രേസ്യായെ വേദപാരംഗത (Doctor of the Church) എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അദ്ദേഹം സ്നേഹ ശാസ്ത്രത്തിൽ ഒരു വിദഗ്ധ (an expert in *scientia amoris*) എന്ന് ത്രേസ്യായെക്കുറിച്ച് പരാമർശിച്ചപ്പോൾ ബെനഡിക്ട് പതിനാറാമൻ പാപ്പാ അവളുടെ ''സ്നേഹത്തിന്റെ ശാസ്ത്രം" എന്ന വിഷയത്തെ ദൈവശാസ്ത്രജ്ഞർക്കുള്ള ഒരു മാർഗദർശിയായി നിർദേശിച്ചു.

2015-ൽ കുടുംബങ്ങൾക്കു വേണ്ടിയുള്ള സിനഡ് നടന്നുകൊണ്ടിരുന്നപ്പോൾ അവളുടെ മാതാപിതാക്കന്മാരായ ലൂയിസിനെയും സെലിയെയും വിശുദ്ധരെന്നു വിളിക്കാനുള്ള ഭാഗ്യം തനിക്കുണ്ടായി എന്ന വലിയ സന്തോഷം ഫ്രാൻസിസ് പാപ്പാ ദൈവജനത്തോടു പങ്കുവച്ചു. തന്റെ ആഴ്ചതോറുമുള്ള പൊതുകൂടിക്കാഴ്ചയിൽ (General Audience), അപ്പസ്തോലിക തീക്ഷ്ണതയെക്കുറിച്ചുള്ള മതബോധനത്തിന്റെ ഭാഗമായുള്ള പ്രസംഗപരമ്പരയിൽ ഒന്ന് വിശുദ്ധ കൊച്ചുത്രേസ്യായെക്കുറിച്ചായിരുന്നു എന്ന് പാപ്പാ എടുത്തുപറയുന്നു. തുടർന്നാണ് അദ്ദേഹം 2023 ഒക്ടോബർ 15-ാം തീയതി ഈ അപ്പസ്തോലിക ആഹ്വാനം പുറപ്പെടുവിച്ചത് (ഖ, 6).

## മറ്റുള്ളവർക്കായുള്ള യേശു

പുതിയ നിയമത്തിലെ സമുന്നത പ്രസ്താവനയായ ദൈവം സ്നേഹമാകുന്നു (1 യോഹ 4: 8,16) എന്നതിനെ ത്രേസ്യാ വ്യാഖ്യാനിച്ചത് യേശുവാണ് എന്റെ ഏക സ്നേഹം എന്നായിരുന്നു. യേശുവിനെ സ്നേഹിക്കാനും അവൻ സ്നേഹിക്കപ്പെടാനും, ആത്മാക്കളെ രക്ഷിക്കാനുമാണ് താൻ കർമല മഠത്തിൽ ചേർന്നതെന്ന് അവൾ എഴുതി (ഖ, 9). പിതാവിനു പാപിയായ തന്റെ പുത്രനോടുള്ള കരുണാർദ്ര സ്നേഹവും നഷ്ടപ്പെട്ടതും വഴി തെറ്റിയതും മുറിവേറ്റതുമായ ആടിനോടുള്ള നല്ല ഇടയന്റെ സ്നേഹവും ഉൾക്കൊണ്ടുകൊണ്ട് തന്റെ സഹോദരീസഹോദരന്മാ

രുടെ നന്മയ്ക്കായി തന്റെ ഓരോ സത്കർമവും സമർപ്പിച്ചതിനാലാണ് ത്രേസ്യാ പ്രേഷിതപ്രവർത്തനത്തിന്റെ മധ്യസ്ഥയും സുവിശേഷവൽകരണത്തിന്റെ മാതൃകയുമായത്.

സുവിശേഷവൽകരണം സമ്മർദ്ദമോ മതപരിവർത്തനശ്രമങ്ങളോ കൊണ്ടല്ല, പ്രത്യുത ആകർഷണം വഴിയാണ് നടത്തേണ്ടത് എന്ന് ത്രേസ്യാ പഠിപ്പിക്കുന്നു. യേശുവേ, എന്നെ നിന്നോട് അടുപ്പിക്കുക, എന്ന് അവൾ പറയുമ്പോൾ ആ സ്നേഹതൈലത്തിന്റെ പരിമളത്തിന്റെ ആകർഷണത്താൽ സർവാത്മാക്കളെയും യേശുവിലേയ്ക്ക് അടുപ്പിക്കാൻ തനിക്കു കഴിയുമെന്ന് അവൾ മനസ്സിലാക്കി. യേശുവുമായുള്ള തന്റെ ഐക്യംവഴി ആത്മാക്കളെ രക്ഷിക്കുന്നത് വിശദീകരിക്കാൻ അവൾ നിരവധി ഉപമകൾ ഉപയോഗിക്കുന്നുണ്ട് (ഖ, 10). ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സമുദ്രത്തിലേക്ക് സാഹസികമാം വിധം എടുത്തുചാടുന്ന മലവെള്ളപ്പാച്ചിൽ, ഉത്തമഗീതത്തിൽ (1:34) മണവാട്ടി മണവാളനോട് പറയുന്ന വാക്കുകൾ, ദിവ്യ സ്നേഹാഗ്നി തീച്ചൂളയിൽ ആയിരിക്കുന്ന ചെറിയ ഇരുമ്പിൻ കഷണങ്ങൾ എന്നിവ അവയിൽ ചിലതുമാത്രമാണ്. യേശുവുമായുള്ള ഐക്യംവഴി ആത്മാക്കളെ രക്ഷിക്കുന്നത് സ്വർഗത്തിൽ തുടരുന്നത് പനിനീർ പുഷ്പങ്ങളുടെ വർഷമായിട്ടാണ് അവൾ വിശദീകരിക്കുന്നത്.

## ദൈവാശ്രയത്തിന്റെയും സ്നേഹത്തിന്റെയും കുറുക്കുവഴി

മുഴുവൻ ദൈവജനത്തിനും ഉപകരിക്കത്തക്കവിധത്തിലുള്ള ത്രേസ്യായുടെ മുഖ്യ കാഴ്ചപ്പാടുകളിൽ ഒന്നാണ് അവളുടെ കുറുക്കുവഴി (ഖ, 14); അതായത്, ദൈവാശ്രയത്തിന്റെയും സ്നേഹത്തിന്റെയും പാത. ആധ്യാത്മിക ശിശുത്വത്തിന്റെ വഴി എന്നും ഇത് അറിയപ്പെടുന്നു. സ്വർഗീയ പിതാവ് എളിയവർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്ന പാതയാണിത് (മത്താ 11:25).

ഒരാത്മാവിന്റെ കഥയിൽ ഈ കുറുക്കുവഴി താൻ എങ്ങനെ കണ്ടെത്തിയെന്ന് ഒരു ലിഫ്റ്റിന്റെ (elevator) ചിത്രം ഉപയോഗപ്പെ

ടുത്തി ത്രേസ്യാ വിവരിക്കുന്നുണ്ട് (ഖ, 15). നമ്മുടെ സത്കൃത്യങ്ങളിലും യോഗ്യതകളിലും ആശ്രയിക്കുന്നതിനു പകരം സമ്പൂർണമായും ദൈവത്തിൽ ആശ്രയിക്കുന്നതാണ് ഈ കുറുക്കുവഴി. ആകയാൽ, നാം നമ്മിൽത്തന്നെ ഹൃദയപൂർവ്വം ആശ്രയം അർപ്പിക്കരുത്; പ്രത്യുത, ദൈവത്തിന്റെ അനന്തകരുണയിലാണ് നാം ആശ്രയം അർപ്പിക്കേണ്ടതെന്ന് അവൾ നമ്മെ പഠിപ്പിക്കുന്നു. മൂർത്തമായ അസ്തിത്വത്തിന്റെ മുഴുവൻ ഭാവത്തെയും സ്പർശിക്കുന്ന പരിശുദ്ധമായ വിട്ടുകൊടുക്കലാണത്. അങ്ങനെ സമ്പൂർണമായ ദൈവാശ്രയബോധം സ്നേഹത്തിലുള്ള ഒരു വിട്ടുകൊടുക്കലിന് സമമായിത്തീരുന്നു. വിശ്വാസത്തിന്റെ അതിശക്തമായ സാഹസിക ഭാവവും ദൈവത്തിന്റെ അനന്തമായ കരുണയിലുള്ള ആഴമാർന്നതും അതിരുകളില്ലാത്തതുമായ പ്രത്യാശയും സ്നേഹത്തിലേക്ക് നയിക്കേണ്ട ദൈവാശ്രയബോധം നമ്മിൽ ജനിപ്പിക്കുന്നു എന്ന് അവൾ കണ്ടെത്തി (ഖ, 23).

## ഞാൻ സ്നേഹമായിരിക്കും

ആവിലായിലെ വിശുദ്ധ അമ്മത്രേസ്യായിൽനിന്ന് സഭയോടുള്ള വലിയ സ്നേഹം പാരമ്പര്യമായി കൊച്ചുത്രേസ്യാക്ക് ലഭിച്ചു (ഖ, 38). വിശുദ്ധ പൗലോസ് കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനത്തിന്റെ 12-ഉം 13-ഉം അധ്യായങ്ങളിൽനിന്ന് സഭയ്ക്ക് ഒരു ഹൃദയം ഉണ്ടെന്നും, ആ ഹൃദയത്തിൽ താൻ സ്നേഹമായിരിക്കുമെന്നും, തന്റെ ദൈവവിളി സ്നേഹമാണെന്നും അവൾ കണ്ടെത്തി (ഖ, 39). സ്നേഹമെന്നത് വി. ത്രേസ്യായ്ക്ക് സമ്പൂർണവും സംഗ്രഹവും ആഴമാർന്ന ആധ്യാത്മിക സ്വത്വവുമായിരുന്നു. ദൈവവിളിയുടെ താക്കോലായി ഉപവിയെ അവൾ കണ്ടെത്തി. എല്ലാ പുണ്യങ്ങളുടെയും മാതാവും തായ്‌വേരുമാണ് ഉപവി (ഖ, 30). അത്, സ്നേഹത്തിന്റെ ഒരു വൈയക്തിക ഭാവമാണ്. അനുദിന ജീവിതത്തിലെ നിസ്സാര സ്നേഹപ്രവൃത്തികളാണ് സുവിശേഷത്തെ മനസ്സിലാക്കാനുള്ള താക്കോൽ എന്ന് അവൾ മനസ്സിലാക്കി. അതിനാൽ ത്രേസ്യാ

ചെറിയ കാര്യങ്ങളിൽ അതായത്, ദൈനംദിന ജീവിതത്തിലെ ഏറ്റവും എളിയ കാര്യങ്ങളിൽ തന്റെ ഉപവി പ്രവർത്തന നിരത മാക്കി (ഖ, 36). അവൾ ഈ സത് കൃത്യങ്ങൾ ചെയ്തത് പരിശുദ്ധ കന്യകാമറിയത്തോട് ചേർന്നായി രുന്നു (ഖ, 36). സ്നേഹം സ്വയം ദാനമാണെന്നും, സ്നേഹിക്കുക എന്നാൽ സർവതും കൊടുക്കുക എന്നതാണെന്നും അവൾ മറിയ ത്തിൽനിന്നു പഠിച്ചു (ഖ, 36).

ഈ വിശുദ്ധ സഭയുടെ ഹൃദയം കണ്ടെത്തി എന്നുള്ളത് ഇന്ന് നമുക്ക് വലിയ വെളിച്ച ത്തിന്റെ ഉറവിടമാണ് (ഖ, 41). സഭയെന്ന സ്ഥാപനത്തിന്റെ പരി മിതികളും ബലഹീനതകളുംമൂലം ഉണ്ടാകുന്ന നിഴലുകളും പാപ ങ്ങളും നിമിത്തം ഇടർച്ച ഉണ്ടാ കുന്നതിൽനിന്ന് നാം സംരക്ഷിക്ക പ്പെടുന്നതിന് ഇത് ഉപകരിക്കുന്നു. മാത്രമല്ല, സ്നേഹത്താൽ ജ്വലി ക്കുന്ന ഹൃദയവുമായി സഭയി ലേക്ക് പ്രവേശിക്കാൻ ഇത് നമ്മെ പ്രാപ്തരാക്കുന്നു. സമ്പൂർണ മായ ആശ്രയബോധത്തിൽനിന്ന് ആരംഭിക്കുന്നതും മറ്റുള്ളവർക്കു വേണ്ടി തന്നെത്തന്നെ പൂർണ മായി വിട്ടുകൊടുക്കുന്നതിൽ അവസാനിക്കുന്നതും ആയി രുന്നു സുവിശേഷത്തെ സംബ ന്ധിച്ച ത്രേസ്യായുടെ ആത്യന്തി കവും വ്യക്തിപരവുമായ സംഗ്രഹം.

മരണത്തിനുശേഷം സ്വർഗ ത്തിൽനിന്ന് പനിനീർ പുഷ്പ ങ്ങൾ വർഷിക്കാൻ, അതായത് ഭൂമിയിൽ നന്മ ചെയ്യാൻ, അവൾ ആഗ്രഹിച്ചു. ദൈവം അങ്കുരിപ്പി ച്ചില്ലെങ്കിൽ ഈ ആഗ്രഹം തന്നിൽ ജനിക്കില്ലെന്ന് അവൾ വിശ്വ സിച്ചിരുന്നു. ദൈവാശ്രയത്വം പനിനീർ പുഷ്പങ്ങൾ (നന്മകൾ) വിടരാൻ ഇടയാക്കുന്നു; അങ്ങനെ അത് ദൈവസ്നേഹത്തിന്റെ ധാരാളിത്തം കവിഞ്ഞൊഴുകു വാൻ അനുവദിക്കുന്നു. അതി നാൽ, സൗജന്യവും അമൂല്യവു മായ ദൈവാശ്രയബോധം എന്ന കൃപയ്ക്കായി നമുക്ക് യാചിക്കാ മെന്നും അങ്ങനെ സുവിശേഷ ത്തിന്റെ പാതകൾ നമ്മുടെ ജീവി തങ്ങളിൽ തുറക്കപ്പെടുമാറാകട്ടെ എന്നും ഫ്രാൻസിസ് പാപ്പാ പ്രാർഥിക്കുന്നു (ഖ, 45).

## സുവിശേഷത്തിന്റെ ഹൃദയത്തിൽ

ഉറവിടത്തിന്റെ നൂതനതയിലേക്ക് തിരികെ പോവുക എന്ന സന്ദേശത്തിന്റെ പൂർണമായ അന്തസത്ത, മരിക്കുകയും മൃതരിൽനിന്ന് ഉയിർക്കുകയും ചെയ്ത യേശുക്രിസ്തുവിൽ പ്രകാശിതമായ ദൈവത്തിന്റെ രക്ഷിക്കുന്ന സ്നേഹത്തിലേയ്ക്ക് പോവുക എന്നതാണെന്നു ഫ്രാൻസിസ് പാപ്പാ വിവക്ഷിക്കുന്നു. കേന്ദ്രീകൃതവും, സാരവത്തും, അനിവാര്യവും ആയ ഈ സന്ദേശത്തിന്റെ ജീവിച്ച മാതൃകയാണ് വിശുദ്ധ ത്രേസ്യാ.

ക്രൈസ്തവ ധാർമികതയുടെ കേന്ദ്രം എന്നത് ഉപവിയാണെന്നും ഇത് വ്യവസ്ഥകളില്ലാത്ത ത്രിത്വത്തിന്റെ സ്നേഹത്തോടുള്ള നമ്മുടെ പ്രത്യുത്തരമാണെന്നും ആകയാൽ, നമ്മുടെ അയൽക്കാരിലേക്ക് തിരിഞ്ഞിരിക്കുന്ന സ്നേഹത്തിന്റെ പ്രവൃത്തികളാണ് ആത്മാവിന്റെ ആന്തരിക കൃപയുടെ സമ്പൂർണമായ പ്രകാശനം എന്നും സ്വജീവിതത്തിലൂടെ അവൾ തെളിയിച്ചു (ഖ, 48).

സഭയുടെ എല്ലാ പ്രബോധനങ്ങൾക്കും നിയമങ്ങൾക്കും പ്രാധാന്യവും മൂല്യവും വ്യക്തതയുമുണ്ട്. അതേസമയം, അവയിൽ ചിലത് കൂടുതൽ പ്രാധാന്യമർഹിക്കുന്നതും ക്രൈസ്തവ ജീവിതത്തിൽ കൂടുതൽ മൗലിക ഭാവമുള്ളവയുമാണെന്ന് ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നു. ഈ മൗലിക ഭാവങ്ങളിലേയ്ക്കാണ് ത്രേസ്യാ തന്റെ ദൃഷ്ടിയും ഹൃദയവും തിരിച്ചിരിക്കുന്നതെന്നും അദ്ദേഹം എടുത്തു പറയുന്നു (ഖ, 49).

## ഉപസംഹാരം

ഉണ്ണിയേശുവിന്റെയും തിരുമുഖത്തിന്റെയും വിശുദ്ധ ത്രേസ്യായുടെ 150-ാം ജയന്തിയോടനുബന്ധിച്ച് ദൈവത്തിന്റെ കരുണാർദ്രസ്നേഹത്തിൽ ആശ്രയിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്ന രേഖയിലൂടെ വളരെ ഹ്രസ്വമായിരുന്ന ത്രേസ്യായുടെ ജീവിതത്തിൽ പ്രകടമായിരുന്ന സുവിശേഷാത്മക ആധ്യാത്മികതയുടെ മഹത്തായ പ്രാധാന്യവും സവിശേഷതയും ഫ്രാൻസിസ് പാപ്പാ സഭാംഗങ്ങൾക്ക്

ഒരിക്കൽക്കൂടി പരിചയപ്പെടുത്തിക്കൊടുക്കുകയാണ്. സ്വർഗത്തിൽനിന്നും ഭൂമിയിലേക്കുള്ള സമയബന്ധിതമായ സാക്ഷ്യം അവളുടെ കുറുക്കുവഴിയുടെ മഹിമയിൽ ശാശ്വതമായി നിലനിൽക്കുന്നു എന്ന് പാപ്പാ പഠിപ്പിക്കുന്നു.

ഇതാണ് ദൈവാശ്രയബോധം, ഇതല്ലാതെ മറ്റൊന്നില്ല; ഈ ദൈവാശ്രയബോധമാണ് നമ്മെ സ്നേഹത്തിലേക്ക് നയിക്കേണ്ടത് എന്നു തുടങ്ങുന്ന ഈ അപ്പസ്തോലികാഹ്വാനം ദൈവത്തിന്റെ അനന്ത കരുണയിലാണ് നാം ആശ്രയം അർപ്പിക്കേണ്ടത് എന്നു നമ്മെ പഠിപ്പിക്കുന്നു. ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു, അവിടന്നാണ് പുണ്യവും വിശുദ്ധിയും, അവിടന്ന് എന്റെ ദുർബലമായ ശ്രമങ്ങളിൽ സംപ്രീതനായി, അവിടത്തെ പക്കലേക്ക് എന്നെ ഉയർത്തും എന്നതാണ് ത്രേസ്യായുടെ അടിസ്ഥാനപരമായ കണ്ടെത്തൽ. ഈ ദൈവാശ്രയ ബോധം സ്നേഹത്തിലേയ്ക്കും പൂർണമായ വിട്ടുകൊടുക്കലിലേയ്ക്കും നയിക്കുന്നു. ഒരു പ്രേഷിതാത്മാവായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്ന ത്രേസ്യാ ആത്മാക്കളെ രക്ഷിക്കാനാണ് താൻ കർമല മഠത്തിൽ ചേർന്നതെന്ന് എഴുതി. ദൈവത്തോടുള്ള തന്റെ സമർപ്പണം തന്റെ സഹോദരീസഹോദരന്മാരുടെ നന്മ അന്വേഷിക്കുന്നതാണെന്നും ഈ നന്മയാകുന്ന റോസാപുഷ്പങ്ങൾ സ്വർഗത്തിൽ നിന്ന് വർഷിക്കുമെന്നും അവൾ വാഗ്ദാനം ചെയ്തു. സൈദ്ധാന്തികവും, പ്രായോഗികവും, വിശ്വാ സ സത്യപരവും അജപാലനപരവും വ്യക്തിപരവും സാമൂഹികവുമായ ത്രേസ്യായുടെ ഈ നിഗമനങ്ങൾ നമുക്ക് ധൈര്യവും ആന്തരിക സ്വാതന്ത്ര്യവും നൽകാനുതകുന്നതാണെന്ന് ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നു. ത്രേസ്യായുടെ മാധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ടുള്ള പ്രാർഥനയോടെയാണ് ഫ്രാൻസിസ് പാപ്പാ ഈ അപ്പസ്തോലിക ആഹ്വാനം ഉപസംഹരിക്കുന്നത്.

*

# സന്തോഷകരമായ ജീവിതത്തിനുള്ള 'പാസ്സ്‌വേഡ്' 'ക്രിസ്തുവാണ്'
## (Pope Francis about YOUCAT)






**ബ്രദർ തോമസ് പോൾ കൊടിയൻ**

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഈ വർഷാരംഭത്തിൽ (January 22, 2024) എല്ലാ യുവജനങ്ങൾക്കുമായി ഒരു പ്രത്യേക കത്ത് എഴുതി. YOUCAT-ന്റെ പുതിയ പതിപ്പിനെ സമർപ്പിച്ചുകൊണ്ടു ചെയ്ത ആഹ്വാനമായിരുന്നു അത്. ക്രിസ്തുവിനോടൊപ്പം ജീവിക്കുക. സന്തോഷകരമായ ജീവിതത്തിന്റെ രഹസ്യം കണ്ടെത്താൻ എല്ലാ യുവജനങ്ങളെയും മാർപാപ്പ ക്ഷണിക്കുകയായിരുന്നു. നാം ക്രിസ്ത്യാനികൾ ആകാനുള്ള യഥാർത്ഥ കാരണം സ്നേഹമാണെന്ന് അനുസ്മരിച്ചുകൊണ്ട് പാപ്പ കത്തോലിക്കാസഭയുടെ യുവജന മതബോധനത്തെക്കുറിച്ച് (YOUCAT) പഠിക്കാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിച്ചു. സഭയുടെ നിലനിൽപ്പിന്റെ പ്രാഥമിക കാരണം സ്നേഹമാണെന്ന് മാർപാപ്പ ഉദ്ഘോഷിച്ചു. ഒന്നാമതായി, 'പിതാവായ ദൈവം എല്ലാ മനുഷ്യരോടുമുള്ള ആർദ്രതയുടെയും കാരുണ്യത്തിന്റെയും സ്നേഹത്തെക്കുറിച്ചും പുത്രനായ യേശു തന്റെ ജീവിതം, തന്റെ മരണം, പുനരുത്ഥാനം

എന്നിവയിലൂടെ നമുക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. അവനോടും നമ്മുടെ സഹോദരീസഹോദരന്മാരോടുമുള്ള സ്നേഹത്തോടെ നമ്മോടുള്ള അതേ ദൈവത്തിന്റെ സ്നേഹത്തോടും പ്രതികരിക്കാൻ നമ്മൾ ഓരോരുത്തരും ക്ഷണിക്കപ്പെട്ടിരിക്കുന്നു'. മാർപാപ്പ കൂട്ടിച്ചേർത്തു.

യേശുവിനെ അറിയുന്നതിനും അവനെ അറിയിക്കുന്നതിനുമുള്ള സന്തോഷം ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ 'ദൈവം സ്നേഹമാകുന്നു' (Deus Caritas Est) എന്ന ചാക്രിക ലേഖനത്തിനെയും നമ്മുടെ ജീവിതത്തിന് ഒരു പുതിയ ചക്രവാളവും ദിശാ




സൂചനയും നൽകുന്ന യേശുവുമായുള്ള കണ്ടുമുട്ടലിൽ (Encounter with Christ Jesus) ൽ നിന്നാണ് നമ്മുടെ ക്രിസ്തീയ ജീവിതം ഒഴുകുന്നത് എന്ന അദ്ദേഹത്തിന്റെ പ്രബോധനത്തെയും ഫ്രാൻസിസ് മാർപാപ്പ അനുസ്മരിച്ചു. 'അതേ സമയം ശരിയായി സ്നേഹിക്കാനും അവനെ അറിയാനും നാം സ്നേഹിക്കുന്ന വ്യക്തിയെക്കുറിച്ച് അറിഞ്ഞിരിക്കണം'. സത്യത്തിൽ ഇത് സുവിശേഷവൽക്കരണത്തിന്റെ മധുരമായ സന്തോഷമാണ്. യേശുവിനോടുള്ള സ്നേഹം ലോകമെമ്പാടും എത്തിക്കുന്നതിനുള്ള സന്തോഷം. പാപ്പ പറഞ്ഞു: ഇപ്പോൾ നിങ്ങളുടെ കൈയിലുള്ള ഈ മനോഹരമായ പുസ്തകം അത്തരം സ്നേഹത്തിൽ നിന്നാണ് ജനിച്ചത്. ഞങ്ങൾ വിശ്വാസികൾ ഉള്ളിൽ വഹിക്കുന്ന യേശുവിനോടുള്ള സ്നേഹം. YOUCAT, 1992-ൽ പ്രസിദ്ധീകരിച്ച കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തെ (CCC) അടിസ്ഥാനമാക്കിയിട്ടുള്ളതാണെന്നും എന്നാൽ യുവതീയുവാക്കളെ ഉദ്ദേശിച്ചിട്ടുള്ള ശൈലിയിലും താളത്തിലുമാണ് അവതരിപ്പിച്ചിരിക്കുന്നത്

എന്നും പാപ്പാ അഭിപ്രായപ്പെട്ടു. ഈ പുസ്തകത്തെ സ്നേഹിക്കാൻ ഫ്രാൻസിസ് മാർപാപ്പ യുവ വായനക്കാരെ ക്ഷണിച്ചു. കാരണം ഇത് സ്നേഹത്തിന്റെ ഫലമാണ്. യേശുവിനോടുള്ള വലിയ സ്നേഹം നിങ്ങളിൽ ഉണർത്തുകയോ പുനരുജ്ജീവിപ്പിക്കുകയോ അല്ലാതെ അതിന് മറ്റൊരു ഉദ്ദേശ്യവും ഇല്ലെന്ന് നിങ്ങൾ കണ്ടെത്തും. ഇത് മാത്രമാണ് അതിന്റെ ലക്ഷ്യം.

## എന്റെ സ്ഥാനത്ത് ക്രിസ്തു എന്ത് ചെയ്യും?

യേശുവിനെക്കുറിച്ച് കൂടുതൽ അറിയുന്നതിനും നമ്മുടെ ജീവിതത്തിനായുള്ള അവന്റെ സ്നേഹത്തിന്റെയും ആസൂത്രണത്തിന്റെയും സന്ദേശം നന്നായി മനസ്സിലാക്കുന്നതിനും മതബോധന ഗ്രന്ഥം പഠിക്കാൻ മാർപാപ്പ യുവ കത്തോലിക്കരെ ആഹ്വാനം ചെയ്തു. യേശുവുമായുള്ള നമ്മുടെ ബന്ധം നിലനിർത്തുന്നതിന്റെ രഹസ്യം ഓരോ നിമിഷവും 'എന്റെ സ്ഥാനത്ത് ക്രിസ്തു എന്ത് ചെയ്യും' എന്ന് ചിന്തിക്കുക എന്നതാണ്. 'യഥാർത്ഥ 'ജീവനുള്ള' സന്തോഷകരമായ ജീവിതത്തിനുള്ള പാസ് വേഡ്' ഇതാണ്. നമുക്ക് സംഭവിക്കുന്ന കാര്യങ്ങളും തീരുമാനങ്ങളും ഒരേ കണ്ണുകളോടെ, അതേ വികാരങ്ങളോടെ, യേശു ഉൾക്കൊള്ളുന്ന അതേ ഭാവത്തോടെ നോക്കി വിലയിരുത്തുക 'പാപ്പ പറഞ്ഞു, YOUCAT -ന്റെ പഠനവും കൂടെക്കൂടെയുള്ള പ്രാർത്ഥനയും സംയോജിപ്പിക്കുന്നതിലൂടെ യുവജനങ്ങൾക്ക് ലോകത്തെയും ദൈനംദിന സംഭവങ്ങളെയും യേശുവിന്റെ കണ്ണുകളാൽ കാണാൻ പഠിക്കാനാകും. 'ക്രിസ്തു' ഫ്രാൻസിസ് മാർപാപ്പ ഉപസംഹരിച്ചു, 'സന്തോഷത്തിലേക്കുള്ള യഥാർത്ഥ പാസ്സ് വേഡ്' നമുക്ക് വാഗ്ദാനം ചെയ്യുന്നു.

പ്രിയ യുവസുഹൃത്തുക്കളേ, ജീവിതത്തിന്റെ ഈ യൗവനം ജീവിതത്തിന്റെ ഈ പുതുമ ഈ ജീവിതത്തിന്റെ പൂർണ്ണത എന്നിവയാണ് ഞാൻ നിങ്ങൾക്കായി ആഗ്രഹിക്കുന്നത്.

YOUCAT ന്റെ മുഖവുരയായി ബെനഡിക്ട് പതിനാറാമൻ മാർപാപ്പ എഴുതിയ വികാര നിർഭ

രവും വാത്സല്യാതിരേകം നിറഞ്ഞതും വ്യക്തിപരമായ ആത്മസമർപ്പണം നിറഞ്ഞതും വിശ്വാസവീര്യത്താൽ ജ്വലിക്കുന്നതും ആത്മകഥാകാര്യങ്ങൾ സ്ഫുരിക്കുന്നതുമായ എഴുത്ത് എല്ലാ യുവതീയുവാക്കളും ശ്രദ്ധാപൂർവ്വം ആദ്യം തന്നെ വായിച്ച് പഠിക്കണം. അതിൽ ആദ്യത്തെ ഖണ്ഡികയിൽ പരിശുദ്ധ പിതാവ് മൂന്നു പ്രാവശ്യം എടുത്തു പറഞ്ഞിരിക്കുന്നു ഇത് ഒരു 'അസാധാരണഗ്രന്ഥം' എന്ന്. സത്യമായും ഈ YOUCAT ഒരു അസാധാരണ ഗ്രന്ഥം തന്നെയാണ് എന്ന് ആ വിവരണത്തിൽ നിന്ന് വ്യക്തം. അതിന്റെ അവസാന ഭാഗത്ത് പ്രത്യേകം ആശംസിക്കുന്നത് ഇപ്രകാരമാണ്. 'തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ' (റോമ 2:11) മാർപാപ്പയുടെ പാപ്പൽ ആശിർവാദം (Papal Blessing) അടങ്ങുന്ന ഈ മുഖവുര അവസാനിപ്പിക്കുന്ന അവസാന ഖണ്ഡിക ഇവിടെ ഉദ്ധരിക്കുന്നു. ഇത് സ്വതവേ സ്പഷ്ടമാണ്. ഇസ്രായേൽ ജനം തന്റെ ചരിത്രത്തിലെ ഏറ്റവും താഴ്ന്ന പടിയിൽ ആയിരുന്നപ്പോൾ ദൈവം സഹായം ആവശ്യപ്പെട്ടത് ചരിത്രത്തിലെ ഏറ്റവും മഹാന്മാരും ബഹുമാന്യരുമായ ആളുകളിൽ നിന്നല്ല പിന്നയോ, ജറെമിയ എന്ന പേരുള്ള ഒരു യുവാവിൽ നിന്നാണ്. ജറെമിയ അത്ഭുതപരതന്ത്രനായി പറഞ്ഞു 'ദൈവമായ കർത്താവേ, ഞാൻ കേവലം ബാലനാണ്; സംസാരിക്കാൻ എനിക്ക് പാടവമില്ല'. (ജറെമിയ 1:6) പക്ഷേ ദൈവം പിൻതിരിഞ്ഞില്ല, അവിടുന്ന് പറഞ്ഞു: 'വെറും ബാലനാണെന്ന് നീ പറയരുത്. ഞാൻ അയക്കുന്നിടത്തേക്കു നീ പോകണം; ഞാൻ കൽപ്പിക്കുന്നതെന്തും സംസാരിക്കണം'. (ജറെമിയ 1:7)

ഓരോ യുവതീയുവാക്കന്മാരും ഈ പ്രത്യേക ആശീർവാദം സ്വീകരിച്ചിട്ട് വേണം YOUCAT ന്റെ പഠനത്തിലേക്ക് പ്രവേശിക്കാൻ. 'വെറും ബാലനാണെന്ന് നീ പറയരുത്' കർത്താവ് ഓരോരുത്തർക്കും വലിയ വിളി നൽകിയിട്ടുണ്ടെന്ന ഉറപ്പോടും ഉത്തരവാദിത്വത്തോടും കൂടി ഈ അസാധാരണഗ്രന്ഥം' പഠിക്കണം.

YOUCAT എന്ന വാക്കിന്റെ മുഴുവൻ അർത്ഥം യൂത്ത് കാറ്റി

ക്കിസം (Catechism) എന്നാകുന്നു എന്ന് എല്ലാവർക്കും അറിയാമല്ലോ. പുരാതനകാലം മുതൽ കാറ്റിക്കിസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വിശ്വാസത്തിലുള്ള പഠനം, പ്രബോധനം എന്നാണല്ലോ. അതിന്റെ ഉള്ളടക്കത്തിൽ നാല് സ്തംഭങ്ങളിൽ (4 pillars) ഈ പഠനം മുഴുവനും പണിതുയർത്തിയിരിക്കുന്നു. അവ താഴെ പറയുന്നതുപോലെ ആകുന്നു.

1. എന്താണ് നാം വിശ്വസിക്കുന്നത്?
2. നാം എങ്ങനെ ക്രൈസ്തവ രഹസ്യങ്ങൾ ആഘോഷിക്കുന്നു ?
3. നമുക്ക് എങ്ങനെയാണ് ക്രിസ്തുവിലുള്ള ജീവിതം ഉണ്ടായിരിക്കേണ്ടത് ?
4. നമുക്ക് എങ്ങനെ പ്രാർത്ഥിക്കാം ?

യുവതീയുവാക്കളുടെ കുഞ്ഞുമനസ്സിന് ആകർഷകമായ രീതിയിൽ ചിത്രകലകളും നിറങ്ങളും മാർജിനിൽ ആകർഷകമായ ഉദ്ധരണികളും കൊടുത്തിരിക്കുന്നതുകൊണ്ട് YOUCAT വളരെ നല്ല ഒരു ഉപകരണമായി മാറിയിരിക്കുന്നു. നമ്മുടെ മാമോദീസായിലൂടെ നമുക്ക് ലഭിച്ച വിശ്വാസം എന്ന നിധി കാത്തുസൂക്ഷിക്കുകയും വളർത്താൻ വേണ്ടതെല്ലാം ചെയ്യുന്നതിന് സഭാമാതാവ് മക്കളായ നമുക്ക് നൽകിയിരിക്കുന്ന വലിയ സ്നേഹസമ്മാനമാണ് ഇത്. ഇത് പഠിക്കാൻ ആരംഭിക്കണം. അതിനുള്ള ചില എളുപ്പ ആശയങ്ങൾ ഇവിടെ നിർദ്ദേശിക്കുന്നു.

നമുക്ക് വേണമെങ്കിൽ തുടക്കം മുതൽ തന്നെ പഠിക്കാം. അല്ലെങ്കിൽ ഇതിന്റെ അവസാന ഭാഗമായ എങ്ങനെ പ്രാർത്ഥിക്കണം എന്നതിനെക്കുറിച്ചു പഠിച്ചു തുടങ്ങാം. നമുക്ക് ഒന്നാം ഭാഗം മുതൽ പഠിക്കാം. ഉദാഹരണത്തിന്, ഖണ്ഡം ഒന്ന് തന്നെ എടുക്കാം. അതിന്റെ ശീർഷകം 'നമുക്ക് എന്തുകൊണ്ട് വിശ്വസിക്കാൻ കഴിയുന്നു' എന്നതാണ്. ഇത് വായിച്ചു കഴിഞ്ഞാൽ തുടർന്ന് മുഴുവനും വായിക്കുന്നതിനു മുൻപ് അതിന്റെ മാർജിനിൽ എഴുതിയിരിക്കുന്നത് വായിക്കുന്നത് കൂടുതൽ ആകർഷകമായിരിക്കും. ഉദാഹരണത്തിന്, മാർജിനിൽ എഴുതിയിരിക്കുന്ന മൂന്നാമത്തെ ഉദ്ധരണി 'ദൈവം സ്നേഹമാ



കുന്നു' (1 യോഹന്നാൻ 4:16). ദൈവം സ്നേഹമാകുന്നു എന്ന സത്യത്തെ മനസ്സിലാക്കാൻ എളുപ്പത്തിനായി മഹാനായ, സന്യാസഭാ സ്ഥാപകനായ, വേദപാരംഗതനായ വിശുദ്ധ ഫ്രാൻസിസ് സാലസിന്റെ ഉദ്ധരണി വളരെ സഹായിക്കുന്നു. അത് ഇപ്രകാരമാണ്: 'സ്നേഹത്തിന്റെ അളവ് സ്നേഹത്തിന് അളവില്ലെന്നതാണ്'. ഇത് ഒരു തീപ്പൊരി പോലെ നമ്മുടെ ആത്മാവിനെ തീപിടിപ്പിക്കണം. അതിനുശേഷം അതിനെ അനുഭവിക്കണം. അതിനുശേഷം പ്രാർത്ഥിക്കണം. ദൈവമേ ഓ സ്നേഹമേ, അങ്ങയുടെ അളവില്ലാത്ത സ്നേഹം തന്നെയായി എന്റെ ഹൃദയത്തിൽ വസിക്കുന്നു. ഞാൻ എത്ര പാപി ആയാലും അങ്ങയുടെ സ്നേഹത്തിൽ അങ്ങ് എന്നെ സ്നേഹിക്കുന്നു. അതിനാൽ ഞാനും അങ്ങയെ സ്നേഹിക്കുന്നു. തുടർന്ന്, ആദ്യഖണ്ഡം വായിക്കണം. നമുക്ക് എന്തുകൊണ്ട് വിശ്വസിക്കാൻ കഴിയുന്നു ? നാം ഭൂമിയിൽ ആയിരിക്കുന്നത് എന്തിനാണ് ? നാം ഈ ഭൂമിയിൽ ആയിരിക്കുന്നത് ദൈവത്തെ അറിയാനും സ്നേഹിക്കാനും അവിടുത്തെ ഇഷ്ടം അനുസരിച്ച് നന്മ ചെയ്യാനും ഒരു ദിവസം സ്വർഗ്ഗത്തിൽ പോകാനുമാണ്. തുടർന്ന് മാർജിനിൽ ഉള്ള മറ്റു ഭാഗങ്ങൾ വായിച്ചിട്ട് പ്രധാന ഭാഗങ്ങൾ വീണ്ടും പഠിക്കുമ്പോൾ നമുക്ക് ഇവയെല്ലാം എളുപ്പം മനസ്സിലാകും. ഇങ്ങനെയാണ് ഇത് പഠിക്കേണ്ട വിധം.

പ്രിയ യുവതീയുവാക്കളേ, YOUCAT കയ്യിലെടുത്ത് ആരംഭിക്കണം. ഈശോയും പരിശുദ്ധാത്മാവും നിങ്ങളെ വാത്സല്യത്തോടെ നയിക്കും.

*

## അൻപത്തിയെട്ടാമത് ആഗോള മാധ്യമ ദിനം സംബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പ നൽകുന്ന സന്ദേശം

### "നിർമിതബുദ്ധിയും ഹൃദയത്തിന്റെ ജ്ഞാനവും : സമ്പൂർണമായ മാനുഷിക ആശയവിനിമയത്തിലേക്ക്"

പ്രിയ സഹോദരീ സഹോദരന്മാരെ,

ലോകസമാധാനദിനത്തോടനുബന്ധിച്ച് നിർമിതബുദ്ധിയെക്കുറിച്ചും അതിന്റെ സംവിധാനങ്ങളുടെ വികാസത്തെക്കുറിച്ചും ഒരു സന്ദേശം ഞാൻ നല്കിയിരുന്നു. അറിവിന്റെയും ആശയവിനിമയത്തിന്റെയും മേഖലയെ സമൂലമായി ബാധിക്കുന്ന സങ്കേതമാണത്. ഇത് സാമൂഹികജീവിതത്തിന്റെ അടിസ്ഥാനശിലകളെത്തന്നെ സ്വാധീനിക്കാൻ പോന്നതാണ്. ഈ മേഖലയിലെ വിദഗ്ധരെ മാത്രമല്ല ഈ മാറ്റങ്ങൾ ബാധിക്കുക, പ്രത്യുത, നാം ഓരോരുത്തരെയുമത്രേ. അദ്ഭുതകരമായ ഈ നൂതന ആവിഷ്കാരങ്ങളുടെ ത്വരിതഗതിയിലുള്ള വ്യാപനവും അവയുടെ പ്രവർത്തനശൈലിയും സാധ്യതകളും സമഗ്രമായി മനസ്സിലാക്കാനും അംഗീകരിച്ചാസ്വദിക്കാനും ഉള്ള കഴിവ് നമ്മിൽ ഭൂരിഭാഗം ആളുകൾക്കും ഇല്ല. ഒരേസമയം അത് അതിശയിപ്പിക്കുന്നതും വഴിതെറ്റിക്കുന്നതുമത്രേ! മനുഷ്യസ്വഭാവത്തെക്കുറിച്ചും മനുഷ്യന്റെ അനന്യതയെക്കുറിച്ചും മനുഷ്യകുലത്തിന്റെ ഭാവിയെക്കുറിച്ചും ആഴത്തിലുള്ള ചില ചോദ്യങ്ങൾ, സ്വാഭാവികമായും ഉന്നയിക്കാൻ നിർമിതബുദ്ധിയുടെ ഇക്കാലം നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. ഉദാത്തമായ ഒരു ലക്ഷ്യത്തിനുവേണ്ടി ഈ സാംസ്കാരിക പരിണാമത്തെ സമുചിതമായി നയിക്കാനും പൂർണമനുഷ്യനായി വ്യാപരിക്കാനും എങ്ങനെയാണ് നമുക്ക് സാധിക്കുക?

### ആരംഭം ഹൃദയത്തിൽ നിന്നാകട്ടെ!

എല്ലാറ്റിനും ഉപരിയായി, കൊടിയ ദുരന്തത്തെക്കുറിച്ചുള്ള പ്രവചനത്തെയും മരവിപ്പ് ഉണ്ടാക്കുന്ന അതിന്റെ പ്രത്യാഘാതങ്ങളെയും

നമുക്കു തള്ളിക്കളയാം. ഒരു നൂറ്റാണ്ടിനു മുൻപ്, റൊമാനോ ഗ്വർദീനി (Romano Guardini) സാങ്കേതികവിദ്യയെക്കുറിച്ചും മനുഷ്യകുലത്തെക്കുറിച്ചും വിചിന്തനം നടത്തി. 'അപ്രത്യക്ഷമാകാൻ വിധിക്കപ്പെട്ട മനോഹരമായ ഒരു ലോകത്തെ പരിരക്ഷിക്കാനുള്ള 'ഉദ്യമത്തിൽ നവമായതിനെ' തിരസ്കരിക്കരുത് എന്നായിരുന്നു ഗ്വർദീനി നമ്മോടാഹ്വാനം ചെയ്തത്. അതേസമയം പ്രവാചകധീരതയോടെ അദ്ദേഹം നല്കുന്ന മുന്നറിയിപ്പ് ഏറെ ശ്രദ്ധേയമായതത്രേ!' നാം ആയിരിക്കുന്നത്, നിരന്തരം ആയിത്തീരാനുള്ള പ്രക്രിയയിലാണ്' (We are constantly in the process of becoming). ഓരോ വ്യക്തിയും തങ്ങളുടേതായ രീതിയിൽ തുറന്ന മനസ്സോടും, മനുഷ്യത്വരഹിതവും നശീകരണ സ്വഭാവമുള്ള സകലതിനെയും കുറിച്ചുള്ള തികഞ്ഞ സംവേദനക്ഷമതയോടും ഈ പ്രക്രിയയിലേക്ക് പ്രവേശിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ഉപസംഹാരം ഇങ്ങനെ: 'ഇവയെല്ലാം സാങ്കേതികവും ശാസ്ത്രീയവും രാഷ്ട്രീയവുമായ സമസ്യകളാണ്. എന്നാൽ, അവയ്ക്കുള്ള പരിഹാരം, സമാധാനം, ആരംഭിക്കേണ്ടത് നമ്മുടെ മനുഷ്യസ്വഭാവത്തിൽ നിന്നുതന്നെയാകണം ആഴമായ ആത്മീയതയും നവമായ സ്വാതന്ത്ര്യവും ആന്തരികതയും കൊണ്ട് അനുഗൃഹീതമായ പുതിയൊരു മനുഷ്യൻ രൂപപ്പെടേണ്ടതുണ്ട്.' [1]

ചരിത്രത്തിലെ ഈ നിർണായകഘട്ടത്തിൽ, സാങ്കേതികവിദ്യയിൽ സമ്പന്നരായിരിക്കുമ്പോൾ തന്നെ മനുഷ്യത്വത്തിൽ ദരിദ്രരായിരിക്കുന്നതിൽ വലിയ അപകടസാധ്യതയുണ്ട്. അപ്പോൾ നമ്മുടെ പരിചിന്തനങ്ങൾ ആരംഭിക്കേണ്ടത് മനുഷ്യഹൃദയത്തിൽ നിന്നുതന്നെയാകണം. [2] സത്യദർശനത്തിൽ ഒരു ആത്മീയവീക്ഷണം സ്വീകരിക്കുന്നതിലൂടെ, ഹൃദയജ്ഞാനം വീണ്ടെടുക്കുന്നതിലൂടെ മാത്രമേ നമ്മുടെ കാലഘട്ടത്തിന്റെ നൂതനത്വത്തെ അഭിമുഖീകരിക്കാനും വ്യാഖ്യാനിക്കാനും സാധ്യമാവൂ! സമ്പൂർണമായ മാനുഷിക ആശയവിനിമയവും അങ്ങനെ മാത്രമേ സാക്ഷാത്കരിക്കാനാവൂ. ബൈബിളിൽ സ്വാതന്ത്ര്യ

ത്തിന്റെയും തീരുമാനങ്ങളെടുക്കുന്നതിന്റെയും ഇടമായിക്കാണുന്നത് ഹൃദയത്തെയത്രേ! അത് പ്രതീകവത്കരിക്കുന്നത് ഉദ്ഗ്രഥനവും ഐക്യവുമാണ്. അതേസമയം അത് നമ്മുടെ വികാരവിചാരങ്ങളെയും സ്വപ്നങ്ങളെയും ഉൾക്കൊള്ളുന്നുമുണ്ട്. സർവോപരി, ദൈവവുമായി കണ്ടുമുട്ടുന്ന ഒരു ആന്തരികതലം കൂടി അതിനുണ്ട്. ഹൃദയജ്ഞാനം സാകല്യത്തെ അതിന്റെ വിവിധ ഘടകങ്ങളുമായി സംയോജിപ്പിക്കുന്നതിനുള്ള സവിശേഷസിദ്ധി നമുക്കു സമ്മാനിക്കാൻ പോന്നതാണ്. നമ്മുടെ തീരുമാനങ്ങളും അവയുടെ പ്രത്യാഘാതങ്ങളും കുലീനതയും രോഗാതുരതയും ഭൂതവും ഭാവിയും വ്യക്തിത്വവും വലിയൊരു സമുദായത്തിലെ അംഗത്വവും എല്ലാം ആശ്ലേഷിക്കുന്ന ഒന്നാണത്.

ഹൃദയത്തിന്റെ ജ്ഞാനം അതിനെ തീക്ഷ്ണതയോടെ അന്വേഷിക്കുന്നവർക്ക് സംലഭ്യമാണ്. അതിനെ സ്നേഹിക്കുന്നവർക്ക് അത് ദർശിക്കാനും, അതിനെ ആശ്രയിക്കുന്നവർക്ക് അതു മുൻകൂട്ടിത്തന്നെ ആർജിക്കാനും കഴിയും. അതിനു യോഗ്യരായവരെ തേടിപ്പോകുന്ന ഒന്നാണത് (ജ്ഞാനം 6:12–16) ഉപദേശം സ്വീകരിക്കുന്നവരുടെ കൂടെയാണ് വിവേകം. (സുഭാഷിതങ്ങൾ 13:10) ശ്രവിക്കാനുള്ള ഹൃദയമുള്ളവനെയും ശിക്ഷണം വേണ്ടവനെയും അത് അനുഗമിക്കും. (1 രാജാ 3:9) പരിശുദ്ധാത്മാവിന്റെ ദാനമായ അത് ദൈവത്തിന്റെ കണ്ണുകളോടെ എല്ലാം ദർശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. പാരസ്പര്യത്തെയും സാഹചര്യങ്ങളെയും സംഭവങ്ങളെയും അവയുടെ മൂടുപടം നീക്കി, അവയുടെ യഥാർഥ അർഥതലങ്ങൾ മനസ്സിലാക്കിത്തരാൻ പോന്നതാണത്. ഇത്തരമൊരു ജ്ഞാനമില്ലാത്ത ജീവിതം രുചിയും രൂക്ഷതയുമില്ലാത്തതാകുന്നു. ജ്ഞാനം എന്ന പദത്തിന്റെ കൃത്യമായ അർഥം അതിന്റെ ലത്തീൻ മൂലമായ സപ്പേരെ (sapere) എന്ന പദവും അതിന്റെ നാമം നാമരൂപമായ സപ്പോർ (sapor) എന്ന പദവുമായി ബന്ധപ്പെട്ടാണ് നില്ക്കുന്നത്. 'സപ്പോർ' എന്ന ലത്തീൻ പദത്തിന്റെ അർഥം 'രുചി പകരുക' എന്നർഥം വരുന്ന "Savour' എന്ന ഇംഗ്ലീഷ് പദവുമായി

ബന്ധപ്പെട്ടാണ് നില്ക്കുന്നത്.

## അവസരവും അപകടവും

ഇത്തരം ജ്ഞാനം യന്ത്രങ്ങളിൽനിന്നു ലഭ്യമല്ല. നിർമിതബുദ്ധിയെ ഇന്നു വിളിക്കുന്ന ഓമനപ്പേരാണ് യന്ത്ര പഠനം അഥവാ മെഷീൻ ലേണിങ് (Machine learning). ശാസ്ത്രസാഹിത്യത്തിൽ ഇന്ന് ഉപയോഗിക്കുന്ന സംജ്ഞയാണത്. ഇവിടെ ഉപയോഗിക്കപ്പെടുന്ന ബുദ്ധി (Intelligence) എന്ന പദത്തിന്, മനുഷ്യരെ വഴിതെറ്റിച്ചു നയിക്കാനുള്ള സ്വഭാവമുണ്ട്. സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വയ്ക്കുന്നതിനും പരസ്പരം സ്ഥിതിവിവരക്കണക്കുകൾ ബന്ധപ്പെടുത്തി താരതമ്യം ചെയ്യുന്നതിനും അപഗ്രഥിക്കുന്നതിനും മനുഷ്യനെക്കാൾ കഴിവ് യന്ത്രത്തിനുണ്ട് എന്ന കാര്യം അവിതർക്കിതമാണ്. എന്നാൽ അവയുടെ അർഥതലങ്ങൾ മനസ്സിലാക്കാൻ മനുഷ്യന് മാത്രമേ സാധിക്കൂ. മനുഷ്യനെപ്പോലെ കാണപ്പെടുന്ന രീതിയിൽ യന്ത്രത്തെ നിർമിക്കുക എന്ന കർമമായി ഇതിനെ ലഘൂകരിച്ചു കാണാനാവില്ല. തങ്ങൾ സർവശക്തരാണെന്ന മിഥ്യാധാരണയുടെ അടിസ്ഥാനം തങ്ങൾ പരിപൂർണമായ സ്വയംഭരണാധികാരം ഉള്ളവരാണെന്നും കൂടിയാലോചനകൾ ഒന്നും കൂടാതെ തീരുമാനങ്ങൾ കൈക്കൊള്ളാൻ പോന്നവരാണെന്നും ഉള്ള താൻപോരിമയാണ്. സാമൂഹികമായ ഉത്തരവാദിത്വങ്ങളും കടപ്പാടും തങ്ങൾക്കില്ലായെന്നുമാണ് ഈ ചിന്താഗതിക്കാരുടെ അഭിപ്രായം. തങ്ങൾ ദൈവത്തിന്റെ സൃഷ്ടികളാണെന്ന അന്തസ്സും യാഥാർഥ്യവും ഇക്കൂട്ടർ സൗകര്യപൂർവം മറക്കുകയാണ്.

സർവവും തികഞ്ഞവരല്ല തങ്ങൾ എന്ന യാഥാർത്ഥ്യം എല്ലാ കാലത്തും മനുഷ്യർ തിരിച്ചറിഞ്ഞിട്ടുള്ള ഒരു വസ്തുതയത്രേ. സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ച് ഈ പരിമിതികളെയും രോഗാതുരതയെയും മുറിവേൽക്കപ്പെടാനുള്ള സാധ്യതയെയും മറികടക്കാനും തരണം ചെയ്യാനും മനുഷ്യർ യത്നിച്ചിട്ടുണ്ട്. ചരിത്രാതീത

കാലം മുതലുള്ള മനുഷ്യന്റെ കലയുടെയും കരകൗശലത്തിന്റെയും ഉൽപന്നങ്ങളെല്ലാം മനുഷ്യകരങ്ങളുടെ ഒരു വികസിതരൂപം അല്ലെങ്കിൽ കൂട്ടിച്ചേർപ്പ് (Extention) അത്രേ. അതുപോലെ, മാധ്യമം (Media) മനുഷ്യർ ഉരുവിട്ട വാക്കുകളുടെ വികസിതരൂപമായി പരിണമിച്ചു. നവസാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ള അതിസങ്കീർണങ്ങളായ യന്ത്രങ്ങളുടെ സഹായത്താൽ ഇന്ന് മനുഷ്യന്റെ ചിന്തകളെത്തന്നെ സഹായിക്കാമെന്ന അവസ്ഥയാണുള്ളത്. കമ്പ്യൂട്ടർ എന്ന പദത്തിന്റെ ഉല്പത്തി 'കൂടെ ചിന്തിക്കുക' യെന്ന അർഥം വരുന്ന "Com-puto' (കം – പൂത്തോ) എന്ന ലത്തീൻ പദത്തിൽ നിന്നത്രേ. ഓരോ ഉപകരണവും ദുരുപയോഗം ചെയ്യാനുള്ള സാധ്യത നിലനില്ക്കുന്നുണ്ട്. ദൈവത്തെ കൂടാതെ ദൈവമാകാനുള്ള ആദിമകാലം തൊട്ടുള്ള, മനുഷ്യന്റെ പ്രലോഭനം തന്നെയാണ് അതിനുള്ള കാരണം (നോക്കുക: ഉല്പത്തി 3). ദൈവകൃപപോലെ സൗജന്യമായി ലഭിക്കേണ്ടതും സമ്മാനമായി സ്വീകരിച്ച് സർവരും കൂട്ടായ്മയിൽ ആസ്വദിക്കേണ്ടതുമായതിനെ സ്വന്തം പ്രയത്നത്താൽ നേടിയെടുക്കാം എന്ന ചിന്തയും ഇതിനു പിറകിലുണ്ട്. ഹൃദയത്തിന്റെ ആഭിമുഖ്യവും ചായ്‌വും അനുസരിച്ച്, കരഗതമായിട്ടുള്ളവയെല്ലാം ഒരേസമയം ഒരവസരവും ഭീഷണിയുമാണ്. ആശയവിനിമയത്തിനും കൂട്ടായ്മയ്ക്കും ആയി സൃഷ്ടിക്കപ്പെട്ട മനുഷ്യശരീരംതന്നെ ഹിംസയുടെയും കൊടിയ അക്രമത്തിന്റെയും ഉപകരണമായി മാറാം. അതുപോലെതന്നെ, മനുഷ്യന്റെ സാങ്കേതികമായ കൂട്ടിച്ചേർക്കലുകൾ മനുഷ്യരുടെ സ്നേഹസേവനത്തിനായും ശത്രുതാപരമായ പ്രാമാണ്യത്തിനായും അധിനിവേശത്തിനായും ഉള്ള ഉപകരണങ്ങളായി ഉപയോഗിക്കപ്പെടാം. ആർട്ടിഫിഷൽ ഇന്റലിജൻസ് സംവിധാനങ്ങൾക്ക് അജ്ഞതയെ അകറ്റി, വിവിധ ജനങ്ങൾക്കിടയിലും തലമുറകൾക്കിടയിലും അറിവ് കൈമാറ്റം ചെയ്യുന്നതിനും സഹായകരമായി വർത്തിക്കാം. ഉദാഹരണത്തിന്, പുരാതനയുഗത്തിലെ രേഖപ്പെടുത്തപ്പെട്ട അറിവിന്റെ ബൃഹത്തായ പൈതൃകത്തെ

സംലഭ്യമാക്കാനും മനസ്സിലാക്കിക്കൊടുക്കാനും നിർമ്മിതബുദ്ധിക്കു സാധിക്കും. പൊതുവായ ഒരു ഭാഷയില്ലാത്ത വ്യക്തികൾക്കിടയിലും ആശയവിനിമയം സാധ്യമാക്കാൻ പോന്നതാണത്. എന്നിരുന്നാലും അതേസമയം, വൈജ്ഞാനികമായ മലിനീകരണത്തിന്റെ (Cognitive pollution) ഒരു സ്രോതസായി അതു മാറാം. സത്യത്തെ വക്രീകരിച്ച് ഭാഗികമോ സമ്പൂർണമോ ആയ തെറ്റായ ആഖ്യാനങ്ങളിലൂടെ, അതാണ് സത്യം എന്ന് പ്രചരിപ്പിക്കാനും പ്രക്ഷേപണം ചെയ്തു ജനങ്ങളെ വിശ്വസിപ്പിക്കാനും ഉള്ള സാധ്യത ഏറെയാണ്. വ്യാജ വാർത്തകൾ പ്രചരിപ്പിച്ച് തെറ്റായ വിവരം മനപ്പൂർവം നല്കുക (Disinformation) എന്നത് ദീർഘകാലമായുള്ള പ്രശ്നമത്രേ. [3] ആഴമായ വ്യാജം (Deep fake) ഉപയോഗിച്ച്, തികച്ചും വിശ്വസനീയമായ രീതിയിൽ സചിത്രമായി അവതരിപ്പിച്ചുകൊണ്ടുള്ള അസത്യപ്രസ്താവനകൾ ഇന്ന് സാധ്യമാണ് [ഞാനും ഇങ്ങനെ ഇരയാക്കപ്പെട്ടിട്ടുണ്ട്]. ഒരു വ്യക്തി ഒരിക്കലും പറയാത്ത കാര്യങ്ങൾ പോലും, അയാളുടെതന്നെ ശബ്ദവും വാക്കുകളും ഉപയോഗിച്ചുകൊണ്ടുള്ള ശബ്ദ സന്ദേശങ്ങൾ (Audio messages) ഇന്ന് പ്രചരിപ്പിക്കാനാവും! ഇത്തരം പ്രോഗ്രാമുകളുടെ പുറകിലുള്ള കൃത്രിമ മാതൃകയും അനുകരണ സാങ്കേതിക വിദ്യയും (Technology of simulation) ചില സാഹചര്യങ്ങളിൽ, മേഖലകളിൽ, ഉപയോഗപ്രദമാണ്. മനുഷ്യബന്ധങ്ങളെ വക്രീകരിച്ചു ശിഥിലമാക്കുകയും സത്യത്തെ വളച്ചൊടിക്കുകയും ചെയ്യുമ്പോൾ അത് വികൃതമായിത്തീരുന്നു.

നിർമിതബുദ്ധിയുടെ ആദ്യതരംഗം ഉണ്ടായ സാമൂഹിക മാധ്യമങ്ങളിലെ ഈ അവ്യക്തതയും ധൈര്യവും നാം അനുഭവിച്ചറിഞ്ഞതാണ്. സാമൂഹിക മാധ്യമത്തിന് ഏറെ സാധ്യതയുള്ളപ്പോൾതന്നെ അപകട സാധ്യതകളും അതുമായി ബന്ധപ്പെട്ട രോഗലക്ഷണങ്ങളുമുണ്ട്. നിർമിതബുദ്ധിയുടെ രണ്ടാമത്തെ ലെവലായ, ഉപമേഖലയായ ജനറേറ്റിവ് ആർട്ടിഫിഷൽ ഇന്റലിജൻസ് പ്രതിനിധീകരിക്കുന്നത്

ഉചിതമായ ഒരു കുതിച്ചുചാട്ടം തന്നെയാണെന്നത് അവിതർക്കിതമാണ്. എന്നാൽ ഇവിടെയും വേണ്ട നിയന്ത്രണങ്ങൾ ആവശ്യമാണ്. അവയെ വേണ്ടവിധം മനസ്സിലാക്കുകയും അംഗീകരിച്ചാദരിക്കുകയും ചെയ്യുമ്പോൾത്തന്നെ അവ തെറ്റായ കരങ്ങളിൽ എത്തപ്പെട്ട് ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. മനുഷ്യധിഷണയുടെയും നൈപുണ്യത്തിന്റെയും ഏത് ഉൽപ്പന്നവുംപോലെതന്നെ അൽഗോരിതങ്ങളും നിഷ്പക്ഷമല്ല. അക്കാരണത്താൽ, അവയുടെ ദുരുപയോഗം തടയുന്നതിനുള്ള സത്വരനടപടികൾ ആവശ്യമാണ്. ധാർമിക നിയന്ത്രണങ്ങളെ സമാദരിക്കുന്ന മാതൃകകളാണ് നിർദേശിക്കേണ്ടത്. സാമൂഹിക നീതിക്കു നിരക്കാത്തതും മനുഷ്യർക്കിടയിൽ വിഭാഗീയതയും ശത്രുതയും സൃഷ്ടിക്കുന്ന തരത്തിൽ അവ ഉപയോഗിക്കപ്പെടാതെ നോക്കേണ്ടതുണ്ട്. ബഹുസ്വരതയെ ഹനിക്കുന്നതിനും പൊതുജനാഭിപ്രായത്തെ ഒരു പ്രത്യേക വിഭാഗത്തിന് വേണ്ടി മാത്രം അട്ടിമറിക്കുന്നതിനും അവസരമൊരുക്കാൻ പാടില്ല. അന്തർദേശീയ സമൂഹത്തോട് എനിക്ക് അഭ്യർഥിക്കാനുള്ളത് 'നിർമ്മിതബുദ്ധിയുടെ വികസനവും വിവിധരീതിയിലുള്ള ഉപയോഗവും സംബന്ധിച്ച് ഏവർക്കും ബാധകമായ ഒരു അന്തർദേശീയ ഉടമ്പടി രൂപപ്പെടുത്തുന്നതിൽ സഹകരിച്ച് പ്രവർത്തിക്കണമെന്നത്രേ.'[4] അതേസമയം ഏതൊരു മാനുഷിക സാഹചര്യത്തിലുമുള്ളതുപോലെ നിയന്ത്രണങ്ങൾ മാത്രം മതിയാവും എന്നു ധരിക്കരുത്.

## മനുഷ്യത്വത്തിൽ ഉള്ള വളർച്ച

കൂട്ടായ വളർച്ചയിലേക്കാണു നാമേവരും വിളിക്കപ്പെട്ടിരിക്കുന്നത്. ഈ വളർച്ച മനുഷ്യത്വത്തിലേക്കുള്ള വളർച്ചയും മനുഷ്യമഹാകുടുംബത്തിന്റെ വളർച്ചയുമത്രേ. ബഹുസ്വരവും വിവിധ വർഗങ്ങളെയും ജനത്തിനെയും ഉൾക്കൊള്ളുന്നതും വിവിധ മതങ്ങളെയും സംസ്കാരങ്ങളെയും ആശ്ലേഷിക്കുന്നതുമായ സങ്കീർണമായ ഒരു സമൂഹത്തിന്റെ സംരചനയിൽ ഗുണപരമായ ഒരു കുതിപ്പ് നടത്താൻ നാം വെല്ലുവിളിക്കപ്പെട്ടിരിക്കുകയാണ്. ആശയവിനിമയത്തിന്റെയും വിജ്ഞാനത്തിന്റെയും ഈ പുതിയ ഉപകരണങ്ങളുടെ സൈദ്ധാന്തികമായ വികാ

സത്തെക്കുറിച്ചും അവയുടെ ദൈനംദിന ജീവിതത്തിലെ ഉപയോഗത്തെക്കുറിച്ചും ശ്രദ്ധയോടെ വിചിന്തനം നടത്താനും നാം വിളിക്കപ്പെട്ടിരിക്കുന്നു. നന്മയ്ക്കായുള്ള അവയുടെ ബൃഹത്തായ സാധ്യതകളോടൊപ്പം ചില അപകടസാധ്യതകളും അവയെ പിന്തുടരുന്നുണ്ട്. എല്ലാറ്റിനെയും അമൂർത്തമായ കണക്കുകൂട്ടലുകളായി മാറ്റിമറിക്കാനും വ്യക്തികളെ സ്ഥിതിവിവരക്കണക്കായി (Data) മാത്രം ലഘൂകരിച്ച് കാണാനുമുള്ള സാധ്യതയുണ്ട്. ചിന്തയെന്നത്, ഒരു യാന്ത്രിക പ്രക്രിയ മാത്രമാണെന്നും അനുഭവജ്ഞാനമെന്നത്, ഒറ്റപ്പെട്ട കേസാണെന്നും, കരുതാനും നന്മയെ ലാഭമായി മാത്രം നോക്കിക്കാണാനും, സർവോപരി, ഓരോ വ്യക്തിയുടെയും തനിമയും അനന്യതയും നിഷേധിക്കുകയും ചെയ്തുകൊണ്ട് അവന്റെയും അവളുടെയും കഥകളെ നിഷേധിക്കാനും ഉള്ള സാധ്യതയും നിലനില്ക്കുന്നുണ്ട്. സത്യത്തിന്റെയും ഉൺമയുടെയും മൂർത്തഭാവങ്ങൾ, അപ്രകാരം സ്ഥിതിവിവരക്കണക്കുകളുടെയും 'ഡാറ്റ'യുടെയും ബാഹുല്യത്തിന്റെ കോലാഹലങ്ങളിൽ അലിഞ്ഞില്ലാതാവുന്നുവെന്നതാണ് യാഥാർത്ഥ്യം.

ഡിജിറ്റൽ വിപ്ലവത്തിന് (Digital Revolution) കൂടുതൽ സ്വാതന്ത്ര്യം നമുക്ക് പ്രദാനം ചെയ്യാനാകുമെങ്കിലും, നമ്മെ ചില മാതൃകകളുടെ അടിമകളാക്കിത്തീരാൻ അനുവദിച്ചു കൂടാ. 'എക്കോ ചേംബറു'കളുടെ തടവുകാരായി തീരുന്നത് ഒട്ടും ആശാസ്യമല്ല. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, നമ്മുടേതിൽനിന്നും വ്യത്യസ്തമായ വിശ്വാസപ്രമാണങ്ങളെയും ചിന്താഗതികളെയും ബദൽ ചിന്തകളെയും പാടെ നിരസിക്കുകയെന്ന ഇടുങ്ങിയ മനോഭാവമത്രേ! ഈ സാഹചര്യത്തിൽ, അറിവിന്റെ ബഹുസ്വരത വർധിക്കാതിരിക്കുന്നതിനു പകരം, ആശയക്കുഴപ്പത്തിന്റെ ചെളിക്കുണ്ടിൽ ഒഴുകി നടക്കാനാവും നമ്മുടെ വിധി. വിപണിയുടെയും അധികാരത്തിൽ വാഴുന്നവരുടെയും ഇരകളായിത്തീരാനും അതു വഴിവയ്ക്കുന്നതാണ്. നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തി വിഭാഗീയചിന്ത വളർത്തണമെന്നും സ്ഥിരീകരിക്കാത്ത വാർത്തകളും കണക്കുകളും അവതരിപ്പിക്കാമെന്നും എഡിറ്റർമാർക്ക് കൂട്ടായി നിന്നുകൊണ്ട് കൃത്യനിർവഹണത്തിൽ വീഴ്ച വരുത്താമെന്നും ഉള്ള

ചിന്തകൾ നമുക്ക് സ്വീകാര്യമല്ല. യന്ത്രങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ബൃഹത്തായ സ്ഥിതിവിവരക്കണക്കുകൾ (Big Data) എത്ര തന്നെ അത്യന്താപേക്ഷിതമാണെങ്കിലും വസ്തുതകളുടെ നിജസ്ഥിതി നഷ്ടപ്പെടാനുള്ള വലിയ സാധ്യത അന്തിമവിശലനത്തിൽ നിലനില്ക്കുന്നതായി കാണാം. വ്യക്തികൾക്കിടയിലെ ആശയവിനിമയത്തിന് വിഘാതമായിത്തീരുന്ന ഈ സാഹചര്യം നമ്മുടെ മാനവികതയ്ക്കുതന്നെ ഭീഷണിയത്രേ. അറിവിനെ സജീവമായ, ഊഷ്മളമായ മനുഷ്യബന്ധത്തിൽ നിന്നു വേർപെടുത്താനാവില്ല. മനുഷ്യശരീരവും യഥാർഥ ജീവിതത്തിലെ ഇടപെടലും മുഴുകലും അതിലുൾപ്പെടുന്നുണ്ട്. സ്ഥിതിവിവരക്കണക്കുകളും ഡാറ്റയുമായി മാത്രമല്ല അത് ബന്ധപ്പെട്ടിരിക്കുന്നത്, പ്രത്യുത മനുഷ്യന്റെ അനുഭവജ്ഞാനവുമായിട്ട് കൂടിയാണ്. അതിനു വേണ്ടത്, സംവേദന ക്ഷമതയും അനുകമ്പയും പങ്കുവെക്കലുമാണ്. ഇതര മനുഷ്യരുടെ മുഖവും മുഖഭാവങ്ങളും തിരിച്ചറിയാൻ നമുക്ക് സാധിക്കണം.

ഇവിടെ യുദ്ധകാര്യങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനെക്കുറിച്ചു ചിന്തിച്ചു പോകുന്നു, ഒപ്പം ഒരു സമാന്തര യുദ്ധത്തെക്കുറിച്ചും. ഈ സമാന്തര യുദ്ധം നടക്കുന്നത് വ്യാജ പ്രചരണങ്ങൾ വഴിയത്രെ. യുദ്ധം റിപ്പോർട്ട് ചെയ്യുന്നതിനിടയിൽ മുറിവേൽക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നവരെയും ഞാൻ അനുസ്മരിക്കുന്നു. അവർ കണ്ട കാര്യങ്ങൾ നമ്മെ കാണിക്കാനുള്ള ശ്രമത്തിലാണ് അവർക്കിങ്ങനെ സംഭവിച്ചത്. യുദ്ധത്തിന്റെ അർത്ഥമില്ലായ്മയിലേക്കാണ് യുദ്ധം മൂലം സഹിക്കേണ്ടിവരുന്ന കുഞ്ഞുങ്ങളുടെയും സ്ത്രീകളുടെയും പുരുഷന്മാരുടെയും തീവ്രമായ അനുഭവം നമ്മെ പഠിപ്പിക്കുന്നത്. ആശയവിനിമയമേഖലയിൽ ആശ്വാസമായ, സർഗാത്മകമായ സംഭാവനകൾ നൽകാൻ നിർമ്മിതബുദ്ധിയുടെ ഉപയോഗം വഴി സാധിക്കും. പ്രഫഷ്ണൽ ജേർണലിസത്തെ അത് തുടച്ചുനീക്കാതിരുന്നാൽ മാത്രം മതി. ജേർണലിസത്തെ സഹായിക്കുന്നവിധമാകണം അതിന്റെ പ്രവർത്തന ശൈലി. ആശയവിനിമയത്തിന്റെ പ്രഫഷ്ണൽ സ്വഭാവത്തെ അംഗീകരിക്കുന്നതുമായിരിക്കണം അത്. തന്റെ ഉത്തരവാദിത്തങ്ങളെ

കുറിച്ച് കൂടുതൽ അവബോധമുള്ളവരായിരിക്കണം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഓരോ വ്യക്തിയും. അപ്രകാരം അവരെല്ലാവരും വിവേക ബുദ്ധിയോടെ ആശയവിനിമയമേഖലയിൽ പങ്കാളികളാവട്ടെ!

## ഇന്നത്തെയും ഭാവിയിലെയും ചില ചോദ്യങ്ങൾ

ഈ വിഷയത്തിൽ സ്വാഭാവികമായി ഉയരുന്ന ഏതാനും ചോദ്യങ്ങളുണ്ട്. പ്രൊഫഷനലിസത്തെയും ഈ മേഖലയിൽ സേവനം ചെയ്യുന്നവരെയും എങ്ങനെയാണ് നാം പരീക്ഷിക്കുക? ഒപ്പം, ലോകമാസകലമുള്ള, അറിവിന്റെയും ആശയവിനിമയത്തിന്റെയും ഉപഭോക്താക്കളുടെ സംരക്ഷണം എങ്ങനെ സാധ്യമാവും? വിവിധങ്ങളായ പ്ലാറ്റ്ഫോമുകൾക്കിടയിലെ പ്രവർത്തനങ്ങൾ എങ്ങനെ ഉറപ്പുവരുത്താം? എങ്ങനെ പരസ്പരപൂരകമായി പ്രവർത്തിക്കാനാകും? ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വികസിപ്പിച്ചെടുക്കുന്ന ബിസിനസുകാരെ ഉള്ളടക്കവും പരസ്യവും സംബന്ധിച്ച കാര്യങ്ങളിൽ, മറ്റുപരമ്പരാഗത മാധ്യമങ്ങളുടെ എഡിറ്റർമാരെപ്പോലെതന്നെ എങ്ങനെ ഉത്തരവാദികളായി പരിഗണിക്കാം? അൽഗോരിതം ഉപയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ - ഇൻഡക്സിങ്ങിനും ഡീ-ഇൻഡക്സിങ്ങിനുമായിട്ടുള്ള - എങ്ങനെ കൂടുതൽ സുതാര്യമാക്കിത്തീർക്കാം? വ്യക്തികൾ, അഭിപ്രായങ്ങൾ, ചരിത്രം, സംസ്കാരം എന്നിവ ആഘോഷിക്കാനും റദ്ദാക്കാനും സമൃദ്ധമായ സേർച്ച് എഞ്ചിനുകളുടെ കാര്യത്തിലും ഇത് പ്രസക്തമാണ്. വിവര പരിശോധനപ്രക്രിയയുടെ സുതാര്യത എങ്ങനെ നമുക്ക് ഉറപ്പിക്കാനാവും? എഴുത്തിന്റെ യഥാർത്ഥ സ്രോതസ്സും പിതൃത്വവും എങ്ങനെ കണ്ടെത്താനാവും? അജ്ഞാതനാമത്തിന്റെ രക്ഷാകവചത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന സ്രോതസ്സ് എങ്ങനെ കണ്ടെത്താം? ഒരു സംഭവത്തെക്കുറിച്ചുള്ള ചിത്രം (Image) അല്ലെങ്കിൽ വീഡിയോ (Video) യഥാർത്ഥമാണോ അല്ലെങ്കിൽ കൃത്രിമമായി സൃഷ്ടിച്ചതാണോ (Simulated) എന്ന് എങ്ങനെ വ്യക്തമാക്കാം? ഒറ്റ സ്രോതസ്സ് മാത്രമായി പരിമിതപ്പെടുത്താനുള്ള സാധ്യതയെ എങ്ങനെ നിരോധിക്കാനാവും? ഒരു അൽഗോരിതം മാത്രമുപയോഗിച്ച് ഒരു സമീപനം (രീതിശാസ്ത്രം) മാത്രം ഇവിടെ ഉപയോഗിക്കപ്പെടുന്നു. ഇതിനുപകരം,

ബഹുത്വാത്മകത (Pluralism) നിലനിർത്തിക്കൊണ്ട് യാഥാർത്ഥ്യത്തിന്റെ സങ്കീർണ്ണതകളെ മുഴുവൻ ചിത്രീകരിക്കുന്ന രീതിയിൽ ഒരു അന്ത രീക്ഷം എങ്ങനെ നിലനിർത്താനാവും? സാങ്കേതികവിദ്യയെ എങ്ങനെ സുസ്ഥിരമാക്കാം? (Sustainable). അത്രമേൽ ശക്തവും ഭാരിച്ച ചെലവു ള്ളതും ഊർജ്ജത്തിന്റെ ഉപയോഗം ഏറിയതോതിലുമുള്ളതുമായ ഒന്നാണീ സാങ്കേതിക വിദ്യ എന്നോർക്കണം. വികസിച്ചു കൊണ്ടി രിക്കുന്ന രാജ്യങ്ങളിൽകൂടി ഇവയുടെ ലഭ്യത എങ്ങനെ നേടിയെ ടുക്കാം?


ഈ വിധത്തിലുള്ള ചോദ്യങ്ങൾക്കും മറ്റു ചോദ്യങ്ങൾക്കും നാം നൽകുന്ന ഉത്തരം ഏറെ പ്രസക്തമത്രേ. നിർമ്മിതബുദ്ധി പുതിയ വർഗ്ഗ ങ്ങളെ (new castes) അതിന്റെ ലഭ്യതയനുസരിച്ച് സൃഷ്ടിക്കുമോ? പുതിയ രീതിയിലുള്ള ചൂഷണങ്ങൾക്കും അവസരമില്ലായ്മയ്ക്കും അസന്തു ലിതാവസ്ഥയ്ക്കും നിർമ്മിതബുദ്ധി വഴിയൊരുക്കുമോ? മറിച്ച് ശരി യായ വിവരങ്ങൾ നല്കിക്കൊണ്ട് അതിന് കൂടുതലായി സമത്വം സൃഷ്ടിക്കാൻ സാധിക്കുമോ? അതിനു വേണ്ടത് നാം അനുഭവിക്കുന്ന ഐതിഹാസികമായ ഈ മാറ്റത്തെ കുറിച്ചുള്ള കൂടിയതോതിലുള്ള അവബോധമത്രേ. കൂട്ടായ്മയിലൂടെ മാത്രമേ നമ്മുടെ വിവേചന ശക്തിയെ നമുക്ക് വർദ്ധിപ്പിക്കാനും ജാഗ്രതയെ കൂടുതൽ സൂക്ഷ്മ മാക്കാനും സാധിക്കുകയുള്ളൂ. അവയുടെ സാക്ഷാത്കാരത്തിന്റെ പ്രകാശത്തിൽ വേണം നാം കാര്യങ്ങളെ കാണാൻ. അല്ലെങ്കിൽ നമ്മുടെ മനുഷ്യത്വത്തിന്റെ ദിശാബോധം തന്നെ നഷ്ടപ്പെടാം. എല്ലാ റ്റിനും മുമ്പ് സൃഷ്ടിക്കപ്പെട്ട ജ്ഞാനം നമുക്കു തേടാം. (നോക്കുക, പ്രഭാഷകൻ 1:4) നിർമിതബുദ്ധിയുടെ സംവിധാനങ്ങൾ മനുഷ്യത്വ സമ്പൂർണ്ണമായ ആശയവിനിമയത്തിന്റെ ശുശ്രൂഷയ്ക്കും സേവന ത്തിനുമായി നമ്മെ സഹായിക്കുന്നതാണ്.

**ഫ്രാൻസിസ് മാർപാപ്പ**

റോം : സെന്റ് ജോൺ ലാറ്ററൻ, 24 ജനുവരി, 2024

# പാപസർപ്പപിശാചിന്റെ തല

## തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ





എം. കോഴിമണ്ണിൽ

(കഴിഞ്ഞ ലക്കം തുടർച്ച)

സർവ്വനന്മപൂരിതമായ വിശാല പറുദീസോദ്യാനത്തിൽ ഞാൻ തനിയെ കഴിയുന്നതു നല്ലതല്ലെന്നു സർവ്വജ്ഞനായ കർത്താവിനു തോന്നിയെന്നു ഞാൻ പറഞ്ഞല്ലോ. എനിക്കു കൂട്ടിനൊരാളെക്കൂടി തരികയെന്നുള്ളതായിരുന്നു കർത്താവിന്റെ പദ്ധതി.

ഒരു ദിവസം ഞങ്ങളൊരുമിച്ചു നടക്കുകയാണ്.

ഞങ്ങൾ നടന്നു പൂത്തുലഞ്ഞു നിൽക്കുന്നൊരു മരച്ചുവട്ടിലെത്തി. പൂക്കളുടെ നറുമണം മുറ്റി നിൽക്കുന്ന മരച്ചുവടാകെ കൊഴിഞ്ഞു വീണ പൂക്കൾ മെത്തപോലെ കിടക്കുന്നു.

കർത്താവ് അവിടെ നിന്നിട്ട് എന്നെ വിളിച്ചു.

'ആദാമേ, നിന്നെ ഞാനൊന്നു മയക്കിക്കിടത്തുകയാണിവിടെ.'

'ഉറങ്ങാറായില്ലല്ലോ, പകൽ പകുതിയെന്നു പറയാൻ സൂര്യനിതാ മുകളിൽ. എങ്കിലും കർത്താവേ, അങ്ങയുടെ ഇഷ്ടം പോലെയാകട്ടെ.' ഞാൻ കർത്താവിനോടു പറഞ്ഞു.

‘മയക്കം വിട്ടുണരുമ്പോൾ പുണരുവാനൊരു തുണ നിന്റെയരികിലുണ്ടായിരിക്കും.’

ഇതു പറഞ്ഞിട്ട് ആ പൂമെത്തയിൽ കിടത്തി കർത്താവ് എന്നെ ഗാഢ നിദ്രയിലാക്കി.

മിടിച്ചുതുടിച്ചു കൊണ്ടിരുന്ന എന്റെ ചങ്കിനെ പൊതിഞ്ഞു സൂക്ഷിച്ച ഒരു വാരിയെല്ലു വലിച്ചൂരി അതിന്മേൽ മെനഞ്ഞുണ്ടാക്കിയതാണ് ഈ നിൽക്കുന്ന നിങ്ങളുടെ അമ്മ.

(ഭിഷഗ്വരന്മാരുടെ ഭിഷഗ്വരനായ സർവ്വശക്തൻ മനുഷ്യനിൽ ആദ്യത്തെ ശസ്ത്രക്രിയ നടത്തി ആധുനിക വൈദ്യശാസ്ത്രത്തിനു നാന്ദി കുറിച്ചു !)

‘മയക്കം തെളിഞ്ഞുണർന്നപ്പോൾ അരികിലായി ഈ അമ്മ കിടപ്പുണ്ടായിരുന്നു.’

ഹവ്വയെ ചൂണ്ടിക്കാണിച്ചു കൊണ്ട് ആദാം മക്കളോടു പറഞ്ഞു.

‘അപ്പനു വേദന തോന്നിയില്ലേ? ’ കായേന്റെ സംശയം.

‘ഇല്ല മോനേ, ഞാനറിഞ്ഞതേയില്ല’ ആദാം പറഞ്ഞു.

‘ഇത്രയും കഴിവുള്ള കർത്താവിന് അതൊരു കാര്യമല്ലല്ലോ.’ ഹാബേൽ കയറിപ്പറഞ്ഞു.

കായേൻ ഹാബേലിനെ അത്ര രസമല്ലാത്ത രീതിയിലൊന്നു നോക്കി.

‘നിങ്ങൾ രണ്ടു പേരും കൂടി ആ തോട്ടത്തിലെന്തു ചെയ്തു? പിന്നെയും കർത്താവു നിങ്ങളുടെ കൂടെ നടക്കാൻ വരുമായിരുന്നോ?’

മക്കൾ തിരക്കി.

‘ഇനിയുള്ള കാര്യങ്ങൾ നിങ്ങൾ രണ്ടുപേരും കൂടെ പറയണം. കേൾക്കാൻ രസമുണ്ട്.’

മക്കൾ പറഞ്ഞു.

നീണ്ട നെടുവീർപ്പായിരുന്നു ഇതിനു ഹവ്വായുടെ മറുപടി

(തുടരും ....)



ഫാ. ഡോ. പ്രീമൂസ്
പെരിഞ്ചേരി

# യുവതയ്ക്കു മാതൃക യേശുനാഥൻ

ഉത്സാഹഭരിതം നവയുവത
ഉന്മേഷസഹിതം നവയുവത
നന്മ ചെയ്യാനും ശുശ്രൂഷയേകാനും
നമ്മൾക്കു കിട്ടുന്ന പുണ്യകാലം !

ആവേശദായകം യുവജനത
ആശ്വാസമേകണം യുവജനത
ആലംബഹീനർക്കു തുണയാകണം
അവശരിൽ കാരുണ്യമുണ്ടാകണം

അനുകമ്പ ഹൃദയത്തിൽ സൂക്ഷിക്കണം
അപരനു സേവനം നല്കിടേണം
പ്രതിഫലം നോക്കാതെ പണി ചെയ്യണം
പ്രത്യാശ ആത്മാവിൽ ദീക്ഷിക്കണം


ഏവർക്കും നന്മകൾ ചെയ്യുവാനായ്
യേശുവിൻ മാതൃക പിഞ്ചെല്ലണം
യുവജനനായകൻ യേശുവല്ലോ
യുവതയ്ക്കു നേതാവ് യേശുമാത്രം!

പ്രിയരേ,

കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) യുടെ ഔദ്യോഗിക മുഖപത്രമായ താലന്ത് 1978 മുതൽ പാലാരിവട്ടം പി.ഒ.സി.യിൽനിന്നു പ്രസിദ്ധീകരിച്ചുവരികയാണല്ലോ. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മനസിലാക്കിക്കൊണ്ട് അനിവാര്യമായ മാറ്റങ്ങളോടെ ഈ മുഖപത്രം കേരളസഭയിലെ എല്ലാ വിശ്വാസിസമൂഹത്തിനും ലഭ്യമാക്കത്തക്കവിധം പുതുമകളോടെ പ്രസിദ്ധീകരിക്കുകയാണ്. കേരളസഭയെ സംബന്ധിക്കുന്ന ഔദ്യോഗിക വിഷയങ്ങൾ, മതബോധനം എന്നിവ കൃത്യമായും നേരിട്ടും പഠിക്കുവാൻ ഈ സംരംഭത്തോട് സ്നേഹപൂർവം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാർഷിക വരിസംഖ്യ - Rs. 180**
**മൂന്ന് വർഷത്തേക്ക് - Rs. 500**

ഈ തുക മണിഓർഡർ വഴിയോ താഴെ കാണുന്ന മൊബൈൽ നമ്പറിൽ ഗൂഗിൾ പേ വഴിയോ അയ്ക്കാവുന്നതാണ്




Contact Number : 94474 41109

സ്നേഹപൂർവം,
**ഫാ. ടോണി കോഴിമണ്ണിൽ**
**ചീഫ് എഡിറ്റർ**

## യുവജനവർഷ പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, കേരള സഭാ നവീകരണത്തിന്റെ ഭാഗമായി 2024 യുവജനവർഷമായി ആചരിക്കുവാൻ തന്ന കൃപയെ ഓർത്ത് അങ്ങേക്ക് നന്ദി പറയുന്നു. യുവാവായ ക്രിസ്തു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നതുപോലെ കേരള സഭയിലെ യുവജനങ്ങളെല്ലാം വിശുദ്ധിയിലും വിശ്വാസത്തിലും പ്രത്യാശയിലും പരസ്പര സ്നേഹത്തിലും വളരുവാൻ കൃപ ചെയ്യണമേ. 'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന യുവജനവർഷ ആപ്തവാക്യം അനുദിന കർമങ്ങളുടെ ഭാഗമാക്കി മാറ്റാൻ പ്രാപ്തരാക്കണമെ. ദൈവവചനത്തിൽ ആഴപ്പെട്ടവരും പരിശുദ്ധ ദിവ്യകാരുണ്യത്തിൽ ബലപ്പെട്ടവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരുമായ യുവജനങ്ങളാൽ തിരുസഭയെ സമ്പന്നമാക്കണമെ. പരിശുദ്ധ മാർപാപ്പയെയും മെത്രാൻമാരെയും വൈദീകരെയും സന്യസ്തരെയും അല്മായ പ്രേഷിതരെയും കാത്തുപരിപാലിക്കണേ. എല്ലാ യുവജനസംഘടനകളെയും അവരുടെ നേതാക്കളെയും അവരെ നയിക്കുന്നവരെയും വിശ്വാസത്തിൽ നവീകരിക്കണമേ. ദൈവവിളികൾ വർദ്ധിപ്പിക്കണമേ, പഠനമേഖലകളയും തൊഴിലിടങ്ങളെയും ആശീർവദിക്കണമേ. കത്തോലിക്കാ വിശ്വാസത്തിനു ചേർന്ന ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാനുള്ള വിവേകവും ജ്ഞാനവും നൽകി പരിപോഷിപ്പിക്കണമേ. പ്രവാസികളായ യുവജനങ്ങളെ കാത്തുകൊള്ളണമേ. കാലത്തിന്റെ അടയാളങ്ങളെ വായിക്കുവാനും പ്രലോഭനങ്ങളെ അതിജീവിക്കുവാനുമുള്ള വിവേകം അങ്ങ് നൽകണമേ. പരിശുദ്ധ അമ്മേ, വിശുദ്ധ യൗസേപ്പിതാവേ, തിരുസഭയിലെ സകല വിശുദ്ധന്മാരേ യുവജനങ്ങൾക്കായി പ്രാർത്ഥിക്കണമേ. ആമ്മേൻ

1 സ്വർഗ്ഗ1 നന്മ1 ത്രിത്വ

ലഘുനാടകം

# നിഴൽ





ബ്രദർ റൂബൻ വെൻസസ്
പള്ളിപ്പറമ്പിൽ

**കെസിബിസി ബൈബിൾ കമ്മീഷൻ ഏകാങ്കനാടക രചനയിൽ ഒന്നാം സമ്മാനം നേടിയ രചന**

**ന്യായാധിപന്മാർ 13,14,15,16**

**രംഗം 1**

**അവതാരകൻ :** ഫിലിസ്ത്യർ ഇസ്രായേൽ ജനതയെ അടക്കി ഭരിച്ചിരുന്ന കാലം. പീഡനങ്ങളും പട്ടിണിയും മൂലം ദൈവത്തിന്റെ സ്വന്തം ജനം മരണവക്ത്രത്തിൽ അകപ്പെട്ട കാലത്ത് തങ്ങളുടെ ജീവൻ നിലനിർത്തുവാനായി ഫിലിസ്ത്യ പ്രഭുക്കൻമാരുടെ കീഴിൽ അടിമകളായി കൊത്തുപണികളിൽ ഏർപ്പെട്ടിരിക്കുന്ന ബഞ്ചമിനും മാർക്കസും ബോവാസും)

**തിരശീല ഉയരുന്നു**

**(പ്രഭാതഗീതവും കൊത്തുപണിയുടെ ശബ്ദവും പശ്ചാത്തലത്തിൽ കേൾക്കുന്നു. മാർക്കസും ബൊവാസും ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. കൊത്തുപണിയിൽ അസംതൃപ്തനാണ് കക്ഷി – കൊത്തു**

**പണിയിൽ മാത്രമല്ല... എല്ലാ ജോലിയിലും എന്നു പറയുന്നതാകും മെച്ചം)**

**ബഞ്ചമിൻ :** **(നിസംഗതയോടെ)** എടാ മാർക്കസേ മാർക്കസേ... എന്നും ഈ കൊത്തുപണി തന്നെ കൊത്തുപണി. നമുക്ക് ഇതൊന്ന് മാറ്റി പിടിക്കണ്ടേ...

**(മാർക്കസ് എഴുന്നേറ്റ് ബഞ്ചമിന്റെ അരികിലേക്ക് വരുന്നു. മാർക്കസിന്റെ ഒരു കൈയിൽ ചുറ്റികയും ഒരു കൈയിൽ ഉളിയും ഉണ്ട്)**

**മാർക്കസ് :** മാറ്റി പിടിക്കാനോ...?

**(മാർക്കസ് തന്റെ കൈയിലെ ഉളിയും ചുറ്റികയും മാറി മാറി നോക്കിയശേഷം)**

പിടിക്കാലോ...

**(ചുറ്റികയും ഉളിയും തമ്മിൽ മാറ്റിപ്പിടിക്കുന്നു.)**

ആ പിടിച്ച്...

**ബഞ്ചമിൻ :** **(തലയിൽ കൈ വച്ചുകൊണ്ട്)** എന്റെ മാർക്കസേ ... അതല്ല...

**മാർക്കസ് :** പിന്നെ കവി ഉദ്ദേശിച്ചത് എന്താണാവോ?

**ബഞ്ചമിൻ :** എടാ മണ്ടച്ചാരേ ഞാനീ പണിയുടെ കാര്യമാ പറഞ്ഞത്.

**മാർക്കസ് :** എന്ത് പണി?

**ബഞ്ചമിൻ :** ഈ കൊത്തുപണി തന്നെ... ഏതായാലും ഈ ഫിലിസ്ത്യര് പറയണ എല്ലാ ജോലിയും നമ്മൾ എടുക്കണം... എങ്കിൽ പിന്നെ ഇവർക്ക് ഓരോ ദിവസവും പണി മാറ്റി തന്നൂടേ...

**മാർക്കസ് :** മാറ്റി മാറ്റി തന്നാൽ പിന്നെ പണി എടുക്കാലോ...? ചുമ്മാ തമാശ പറയാതെ... ദേ അവിടെ പോയിരുന്ന് കൊത്ത്. കുറച്ച് കഴിയുമ്പോ എല്ലാം ശരിയാകും.

**ബഞ്ചമിൻ :** കൊത്തി കൊത്തി ഞാൻ കുഴഞ്ഞു. കുത്താനും കൊത്താനുമൊന്നും എനിക്കിനി മേലാ...

**മാർക്കസ് :** ആ കദീത്തയെ കാണുമ്പോ ഇങ്ങനെ ഒന്നും അല്ലല്ലോ...

**ബഞ്ചമിൻ :** കദീത്തയോ ... ഞാനോ... അത് പിന്നെ...

**മാർക്കസ് :** കൊത്തുന്നത് ഒക്കെ കൊള്ളാം. ചുണ്ട് ഒടിയരുത്.

**(സംഭാഷണത്തിനിടയിലേയ്ക്ക് ബോവാസ് കയറിവരുന്നു.)**

**ബോവാസ്** : കിന്നാരം തുടങ്ങിയിട്ട് കുറേ നേരം ആയല്ലോ... ദേ നോക്കിയേ ആ അകിലാസ് പ്രഭുവിന്റെ കിങ്കരൻമാർ ഇപ്പോൾ വരും ... അവര് വന്നാൽ അറിയാലോ?

**ബഞ്ചമിൻ :** ആര് വന്നാൽ എന്താ? നിങ്ങളെ കാക്കാൻ ബുദ്ധിയും ശക്തിയും സൗന്ദര്യവും ഒക്കെ ആവശ്യത്തിൽ കൂടുതൽ ഉള്ള ഞാനില്ലേ...

**മാർക്കസ് :** അതെ അതെ അതുകൊണ്ടാണല്ലോ ദൈവം എറിയാൻ അറിയുന്നവരുടെ കൈയിൽ വടി കൊടുക്കാത്തത്...

**ബഞ്ചമിൻ :** ഇപ്പൊ എങ്ങനെ ഇരിക്കണ്...

**(ഒന്ന് തിരിഞ്ഞിട്ട് പെട്ടെന്ന്)**

അല്ല... ഇന്നെന്റെ കാത്തുമോളെ കാണാൻ ഇല്ലല്ലോ...? കുടിക്കാൻ വെള്ളവുമായി അവള് വരേണ്ട സമയം കഴിഞ്ഞു...

**ബോവാസ് :** മോനെ ബഞ്ചമിൻ, കാത്തുവിനെ കാത്ത് നീ ഇവിടെ ഇരുന്നോ.. രാജാവിന്റെ സഹോദരപുത്രൻ എന്ന് പറഞ്ഞു ഒരുത്തൻ ഇങ്ങോട്ട് വരും... അവന്റെ കത്തിക്ക് മൂർച്ച ഉണ്ടോ എന്ന് നോക്കിപ്പിക്കാൻ എനിക്ക് മേലാ...

**മാർക്കസ് :** എങ്കിൽ ബാ നമുക്ക് കൊത്താം...

**ബോവാസ് :** ഓ പിന്നെ... തന്നെ പോയി അങ്ങ് കൊത്തിയാൽ മതി. എപ്പോ നോക്കിയാലും കൊത്ത്...കൊത്ത്...കൊത്തി... എനിക്കൊന്നും വയ്യാ..

**മാർക്കസ് :** **(വലത്തേക്ക് സൂക്ഷിച്ച് നോക്കിയിട്ട്)**

ഡാ ബഞ്ചമിൻ ദേ നിന്റെ കാത്തു വെള്ളവുമായി

വരുന്നു.

**(എല്ലാവരും നാലു ദിക്കും ഓടുന്നു.)**

ബഞ്ചമിൻ ബൊവാസിന്റെ കൈയിലിരിക്കുന്ന ചുറ്റിക ബലമായി പിടിച്ച് വാങ്ങി കൊത്തുന്നു...

**(കദീത്ത കുടവുമായി കടന്നു വരുന്നു.)**

**കദീത്ത :** **(കദീത്ത കുടം താഴ്ത്തിക്കൊണ്ട്)**
വരൂ... എല്ലാവരും വന്നു വെള്ളം കുടിക്കൂ...

**(മാർക്കസ് കുടം മേടിക്കുന്നു... ബോവാസും വന്നു വെള്ളം കുടിക്കുന്നു. ബഞ്ചമിൻ മാത്രം പണിയെടുക്കുന്നതായി അഭിനയിക്കുന്നു..)**

ഹേ ഹേ വെള്ളക്കുതിരേ വേണമെങ്കിൽ വന്നു വെള്ളം കുടിക്ക്...

**ബഞ്ചമിൻ :** ഓ എന്റെ കാത്തു നിന്റെ വിളി കേൾക്കാൻ ഞാൻ മനഃപ്പൂർവ്വം താമസിച്ചതല്ലേ...

**കദീത്ത :** അതിരിക്കട്ടെ അവിടെ നീ എന്താ കൊത്തുന്നേ..?

**ബഞ്ചമിൻ :** **(പെട്ട് പോകുന്നു...)**
ഒന്നു പരുങ്ങിയിട്ട് ആ... ആ... അതൊരു മാലാഖ... ആ... മാലാഖ...

**കദീത്ത :** മാലാഖയോ?

**ബഞ്ചമിൻ :** **(ശില്പത്തെ ഒന്നു നോക്കിയിട്ട്)**
അതെ മാലാഖ. പിന്നെ കൊത്തി കഴിയുമ്പോൾ ആ മാലാഖയ്ക്ക് കാത്തുവിന്റെ മുഖമായിരിക്കും...

**(ഒറ്റയ്ക്ക് ചിരിക്കുന്നു. കദീത്ത ലജ്ജിച്ച് തല താഴ്ത്തുന്നു.)**

നിന്നെ ധ്യാനിച്ച് ചെയ്യുന്നതുകൊണ്ടായിരിക്കാം ... ക്ഷീണം എന്തെന്ന് പോലും ഞാൻ അറിയുന്നില്ല എന്റെ കാത്തു...

**മാർക്കസ് :** ബഞ്ചമിൻ കദീത്തയെ കൊത്തിയതു മതി... വന്നു കല്ലിൽ കൊത്ത് ഇല്ലേൽ അക്വിലാസ് നിന്നെ കുത്തും.

**ബഞ്ചമിൻ :** ഏത് ലാസ് വന്നാലും ഈ ബഞ്ചമിന് ഒരു പേടിയു

മില്ല കേട്ടോ?

**ബൊവാസ് :** ബഞ്ചമിൻ കഴിഞ്ഞ വട്ടത്തെ സഹായം ഞങ്ങളിൽ നിന്നു പ്രതീക്ഷിക്കേണ്ട

**ബഞ്ചമിൻ :** അവനുണ്ടായിരുന്നേൽ എനിക്കു നിങ്ങളുടെ സഹായം വേണ്ടി വരില്ലായിരുന്നു.

**മാർക്കസ് :** അവനോ? ഏതവൻ?

**ബഞ്ചമിൻ :** സിഹങ്ങളോടു പോലും പോരാടി ജയിച്ചവൻ... ഇസ്രയേലിനെ അടിമത്തത്തിൽ നിന്നു രക്ഷിക്കാൻ പിറന്നവൻ... ജന്മം കൊണ്ട് നാസീർവ്രതക്കാരൻ ദാൻ വംശത്തിലെ സിംഹം

**മാർക്കസ് :** അവൻ?

**ബഞ്ചമിൻ :** സാംസൺ...

**(പശ്ചാത്തല സംഗീതം ഉയരുന്നു.)**

**രംഗം ഇരുളുന്നു**

**രംഗം 2**

**(തന്റെ ഭാര്യ സിലോണിയെ കാത്ത് വീടിന്റെ പൂമുഖത്ത് നിൽക്കുന്ന മനോവ)**

**മനോവ :** ഇത് എത്ര നേരമായി സിലോണിയെ കാണുന്നില്ലലോ... ഇനി ഫിലിസ്ത്യർ എങ്ങാനും... ഏയ് ഇല്ല. യഹോവ അതിന് ഇടവരുത്തില്ല

**(മനോവ പൂമുഖത്ത് അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തുന്നു. ഈ സന്ദർഭത്തിൽ സിലോണി കടന്നുവരുന്നു. അവൾ വല്ലാതെ കിതയ്ക്കുന്നുണ്ട്)**

സിലോണി എന്താ പറ്റിയേ? എന്താ കിതയ്ക്കുന്നത്? വഴിയിൽ ഫിലിസ്ത്യരെ വല്ലതും കണ്ടോ?

**സിലോണി :** **(ശ്വാസം അടക്കിക്കൊണ്ട്)** ഞാൻ... ഞാൻ ഒരാളെ കണ്ടു...

**മനോവ :** ആരേ...? ആ ഫാബിയൻ രാജാവിനെ ആണോ?

**സിലോണി :** ഇല്ല. ആയിരുന്നെങ്കിൽ തന്നെ ഇസ്രയേലിന്റെ ഈ

പുത്രിക്ക് ഇത്ര അങ്കലാപ്പ് ഉണ്ടാകുമായിരുന്നില്ല. അദ്ദേഹം ആ ദൈവപുരുഷൻ...

**മനോവ :** ദൈവപുരുഷനോ? എനിക്ക് ഒന്നും മനസ്സിലാകുന്നില്ല... നീ ഒന്നു തെളിച്ച് പറ...

**സിലോണി :** മനുഷ്യൻ വെള്ളം ചോദിച്ചപ്പോൾ ഞാൻ അറിഞ്ഞിരുന്നില്ല നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരമായി ദൈവമയച്ച ഔഷധജലമായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ എന്ന്...

**മനോവ :** അദ്ദേഹം... അദ്ദേഹം എന്ത് പറഞ്ഞു സിലോണി...

**ദൈവപുരുഷൻ :** വേദനയുടെ കനൽവഴികളിലൂടെ സഞ്ചരിച്ച വാർദ്ധക്യസായാഹ്നങ്ങളിലേക്ക് കാൽവയ്ക്കുന്നതിനു മുമ്പേ നിങ്ങളിലെ സഹനത്തിന്റെ മുറിപ്പാടുകൾ ഇതാ ഈ നിമിഷം മായ്ക്കപ്പെടുന്നു.

**(ദൈവപുരുഷൻ കടന്നു വരുന്നു, സിലോണിയെ നോക്കി)**

നിന്റെ ഉദരത്തിൽ ഒരു നക്ഷത്രം ഉദിക്കും. അതെ നിങ്ങൾക്കൊരു പുത്രൻ ജനിക്കും. ഇസ്രയേൽ ജനതയ്ക്ക് മോചനമേകാൻ അവൻ കടന്നു വരും... സാംസൺ

**സിലോണി :** എന്താണീ കാണുന്നത്? എന്റെ കണ്ണുകൾക്ക് ഇത് വിശ്വസിക്കാമോ

**ദൈവപുരുഷൻ :** ദൈവവചനം പോലെ തന്നെ വിശ്വസിക്കാം സിലോണി ഇത് ഞാൻ തന്നെ...

**സിലോണി :** മനോവ, ഇതാണ് ഞാൻ പറഞ്ഞ ദൈവപുരുഷൻ

**മനോവ :** ഈ ഉള്ളവന്റെ എളിയവീട്ടിലേക്ക് വരാൻ അങ്ങേക്ക് തോന്നിയല്ലോ...

**ദൈവപുരുഷൻ :** എല്ലാം ദൈവഹിതം..

**(സിലോണിയെ നോക്കി)**

മകളെ ഇനി മുതൽ യഹോവയിലുള്ള അതിരറ്റ സ്നേഹമായിരിക്കണം നിന്റെ ലഹരി. ലഹരി പാനീയ

ത്തിന്റെ രുചി നിന്റെ നാവ് അറിയാതിരിക്കട്ടെ. നിന്നിൽ നിന്ന് ഉരുവാകുന്ന ദൈവമകൻ വീഞ്ഞോ വീര്യമുള്ള പാനീയങ്ങളോ കുടിക്കരുത്. അശുദ്ധമായത് ഒന്നും ഭക്ഷിക്കുകയും അരുത്. എല്ലാം അറിയുന്നവന്റെ മുമ്പിൽ നിന്റെ മകൻ ഈ ഭൂമിയിൽ അവസാന ശ്വാസം എടുക്കുന്നതുവരെ നാസീർവ്രതക്കാരനായിരിക്കണം... വരാനിരിക്കുന്നവന്റെ നിഴലായിരിക്കുമവൻ... സാംസൺ

**(രംഗം മങ്ങുന്നു. ഈ രംഗത്തിന്റെ തുടർച്ചയായി സ്പോട്ട് ലൈറ്റിൽ ഒരു ഗാനത്തിന്റെ പശ്ചാത്തലത്തിൽ സിലോണി ഗർഭിണിയാകുന്നത്, സാംസണിന്റെ ജനനം, വളർച്ച, സിംഹത്തോടുള്ള മൽപിടുത്തം, കദീനയുമായുള്ള വിവാഹം, കുറുക്കൻമാരുടെ വാലിൽ പന്തം കെട്ടി വയലിൽ വിടുന്നത് എന്നിവ കാണിക്കുന്നു)**

**രംഗം 3**

**(ഒരു വനപ്രദേശം... കദീത്തയെ നഷ്ടപ്പെട്ടതിൽ രോഷാകുലനായ സാംസൺ)**

**സാംസൺ :** കദീത്ത...

**(ദേഷ്യം കാരണം അങ്ങോട്ടും ഇങ്ങോട്ടും ഒരു ഭ്രാന്തനെപ്പോലെ ഉലാത്തുന്നു)**

കദീത്ത... നിന്റെ ചോരയുടെ ഗുണം നീ കാണിച്ചു. ആദ്യം കടങ്കഥയുടെ ഉത്തരം ഇപ്പോഴിതാ ആ അകിലാസിന്റെ ആ... **(അലറുന്നു.)**

**(പശ്ചാത്തലസംഗീതം തീവ്രമാകുന്നു... കദീത്തയെ നഷ്ടപ്പെട്ടതിലും കടങ്കഥയുടെ ഉത്തരം പറയേണ്ടി വന്നതിലും കോപാകുലനായി കുറുനരികളെ പിടിച്ച് തീപന്തം കത്തിച്ച് വിടുന്നു. തന്നെ നേരിടാൻ വന്ന ഫിലിസ്ത്യ യുവാക്കളെ കഴുതയുടെ താടിയെല്ല് കൊണ്ട് അടിച്ചു കൊല്ലുന്നു. രംഗം ഒന്നു മങ്ങി തെളിയുന്നു.)**

**സാംസൺ : (രക്തത്തിൽ കുതിർന്ന കഴുതയുടെ താടിയെല്ലും പിടിച്ച സാംസൺ നിൽക്കുന്നു.. ശേഷം അടുത്തുള്ള ഉറവയിൽ നിന്ന് ജല**

**പാനം നടത്തുന്നു. ഈ സമയം ദലീല കടന്നു വരുന്നു)**

**ദലീല** : സാംസൺ...

**സാംസൺ** : നീ ആരാണ്?

**ദലീല** : ഞാൻ സേറെക്ക് താഴ്‌വരയിൽ താമസിക്കുന്ന ഫിലിസ്ത്യ യുവതിയാണ് ദലീല...

**(സാംസൺ പുച്ഛഭാവത്തിൽ നിൽക്കുന്നു)**

അങ്ങയുടെ ശക്തിയെക്കുറിച്ച് ഒരു പാട് കേട്ടിരിക്കുന്നു. കണ്ടുമുട്ടാൻ കഴിഞ്ഞതിൽ ഏറെ സന്തോഷം. അങ്ങിപ്പോൾ ക്ഷീണിതനാണെന്നു തോന്നുന്നു. ഗാസയിൽ എനിക്ക് സ്വന്തമായി ഒരു വീടുണ്ട്. അവിടേക്കു വരൂ... ഞാൻ അങ്ങയെ ശുശ്രൂഷിക്കാം.

**സാംസൺ** : വേണ്ട പൊയ്ക്കൊള്ളൂ. എനിക്ക് നിങ്ങളെയും നിങ്ങളുടെ ദേശക്കാരെയും കാണുന്നതുതന്നെ വെറുപ്പാണ് വെറും കഴുതയുടെ താടിയെല്ലു കൊണ്ട് ഇവരെ കൊന്നുകൂട്ടിയ എനിക്ക് ഈ പരിക്ക് വെറും നിസാരമാണ്.

**ദലീല** : അങ്ങയുടെ ധീരത എന്റെ മനസ്സിനെ കീഴടക്കിയിരിക്കുന്നു.

**സാംസൺ** : പരിഗണനയ്ക്കു നന്ദി. പക്ഷെ എന്നെ വെറുതെ വിട്ടേക്കു. എന്റെ ഉള്ളിൽ എരിയുന്ന തീ ചിലപ്പോൾ നിന്നെയും ദഹിപ്പിച്ചു എന്നു വരാം.

**ദലീല** : ഈ ദലീല ആത്മാർത്ഥമായാണ്. അങ്ങയെ വിളിക്കുന്നത് എന്റെ വാക്കുകളെ വിശ്വസിക്കൂ സാംസൺ ഈ ദലീലയ്ക്ക് വാക്ക് രണ്ടില്ല. ഇത് സത്യം.

**(സാംസൺ ദലീലയെ നോക്കി നില്ക്കുന്നു.)**

**രംഗം ഇരുളുന്നു.**

**രംഗം 4**

**(ദലീലയുടെ വീട്. ദലീലയുടെ മടിയിൽ കിടക്കുന്ന സാംസൺ)**

**സാംസൺ** : ദലീല എത്രയോ ഭാഗ്യം ചെയ്തവനാണ് ഈ ഞാൻ...!

ഒരു അഗ്നിയിൽ ഞാൻ ദഹിച്ചുപോകും എന്നു ഭയന്ന പ്പോൾ ... ദലീല... നീയാകുന്ന ശീതള ജലം... അതെന്നെ വല്ലാതെ തണുപ്പിച്ചു...

**ദലീല** : സാംസൺ ഈയുള്ളവളാണ് ഭാഗ്യം ചെയ്തത്. അങ്ങയെപ്പോലെ ശക്തിയും സൗന്ദര്യവും സ്നേഹവു മുള്ള ഒരു ഭർത്താവിനെ കിട്ടിയില്ലേ... ഈ ഫിലിസ്ത്യ ഗണത്തിൽ ഏറ്റവും ഭാഗ്യപ്പെട്ടവളും ഇപ്പോൾ ഏറ്റവും ധൈര്യശാലിയുമായ യുവതി ഈ ഞാനല്ലേ?

**സാംസൺ** : **ദലീല**: അതെ. അങ്ങയുടെയത്രയും കരുത്തുള്ള വേറൊ രാൾ ഈ ഭുമിയിലുണ്ടോ അങ്ങെനിക്ക് കൂട്ടായുള്ള പ്പോൾ എന്നിൽ ഭയത്തിന് എന്ത് സ്ഥാനം?

**സാംസൺ** : **(എഴുന്നേല്ക്കുന്നു)**

ദലീല, ഒരു നിമിഷം കൊണ്ട് ഒരായുസ്സ് മുഴുവൻ ജീവി ക്കാനുള്ള ഉണർവ്വ് ലഭിക്കുമെന്ന് എന്നെ പഠിപ്പിച്ചത് നീയാണ്. നിന്നോടൊത്തുള്ള സഹവാസമാണ്. കണ്ടു മുട്ടിയിട്ട് ദിവസങ്ങളെയായിട്ടുള്ളുവെങ്കിലും നമ്മൾ തമ്മിലുള്ള ഹൃദയബന്ധം എത്രയോ ദൃഢമായിരി ക്കുന്നു.

**ദലീല** : അങ്ങെന്നെ ശരിക്കും കീഴ്പ്പെടുത്തിയിരിക്കുന്നു സാംസൺ.

**സാംസൺ** : നിന്റെ അടുക്കൽ നിന്ന് ആരെന്നെ വേർപെടുത്തും. മരണത്തിലും ഞാൻ നിന്നോടൊപ്പം ആയിരിക്കും ദലീല... ഞാൻ സേറെക്ക് താഴ്വരയിൽ പോയി നിങ്ങൾക്കുവേണ്ടി അടിമവേല ചെയ്യുന്ന എന്റെ ജനത്തെ സന്ദർശിച്ചിട്ട് വരാം. സ്വജനത്തെ വിസ്മരി ക്കുന്നത് ശരിയല്ലല്ലോ

**ദലീല** : വേഗം പോയിവരൂ സാംസൺ

**(സാംസൺ പോകുന്നു, ദലീല ആത്മഗതമായി)**

ഇദ്ദേഹം ഇനിയെന്തിന് ആ അടിമകളുടെ ക്ഷേമം അന്വേഷിച്ചു നടക്കുന്നു. ആ... പറഞ്ഞിട്ടു കാര്യമില്ല

ഇസ്രേയേൽക്കാരനല്ലേ ദേശസ്നേഹം കാണിക്കാതിരിക്കില്ലല്ലോ?

**ഈ സമയം അക്വിലാസും പിതാവ് ഈഗാലും ദലീലയുടെ ഭവനത്തിൽ എത്തുന്നു)**

**ഈഗാൽ :** എന്താണ് ദലീല ഒറ്റയ്ക്കൊരു സംസാരം?

**ദലീല :** ഏയ്... വെറുതെ ഓരോ സ്വപ്നങ്ങൾ അയവിറക്കുകയായിരുന്നു.

**അക്വിലാസ് :** ഉള്ളിൽ തെളിയുന്ന മോഹങ്ങളെല്ലാം നിറവേറ്റിത്തരാൻ പലരുണ്ടെല്ലോ നിനക്ക്... അപ്പാ, ഇവളോട് കിന്നരിക്കാതെ വന്ന കാര്യത്തിലേക്ക് കടക്ക്.

**ഈഗാൽ :** നീയൊന്നടങ്ങ് അക്വിലാസ് അമിതാവേശം അരുതെന്ന് ഞാൻ നിന്നോട് എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട്.

**ദലീല :** ഊം.. എന്താണ് അക്വീലാസ്? എന്തോ ദുരുദ്ദേശ്യമുണ്ടല്ലോ രണ്ടാൾക്കും.

**ഈഗാൽ :** അക്വിലാസ് ഞാൻ പറഞ്ഞില്ലേ കദീത്തയെപ്പെലെ ഇവളും നമ്മുടെ ചോര തന്നെ..

**(അട്ടഹസിക്കുന്നു)**

അന്തിക്ക് കൂട്ട് കിടക്കാൻ ഒരു ഇസ്രേയേലി അടിമയെ നീ വിലയ്ക്ക് വാങ്ങിയില്ലേ അവനെ കാണാനാ ഞങ്ങൾ വന്നെ...

**ദലീല :** ഇസ്രേയൽക്കാരനായാൽ എന്താ?

**അക്വിലാസ്:** അമിതാവേശം വേണ്ട ദലീല.

**ഈഗാൽ :** അടങ്ങൂ അക്വിലാസ് ... പറയേണ്ടത് പറയേണ്ടതുപോലെ പറഞ്ഞാൽ അവൾക്ക് മനസ്സിലാകും. മോളേ ദലീല... ഇനി നിനക്കു മാത്രമേ നമ്മുടെ നാടിനെ അവനിൽ നിന്ന് രക്ഷിക്കാൻ കഴിയൂ. ഇപ്പോൾതന്നെ അവൻ നമ്മുടെ ജനത്തെ കണക്കില്ലാതെ കൊന്നൊടുക്കിയിരിക്കുന്നു. നിന്റെയും എന്റെയും മുഴുവൻ ഫിലിസ്ത്യ ഗണത്തിന്റെയും നിലനില്പ്പിന് അവനൊരു ഭീഷണിയാണ്.

**ദലീല** : നിങ്ങൾ എന്താണ് പറയുന്നത്

**ഈഗാൽ** : നിനക്കു മാത്രമേ അതിനു കഴിയൂ. സ്ത്രീ അയാൾക്ക് എന്നുമൊരു ദൗർബല്യമാണ് അവിടെയാണ് നിന്റെ വിജയം.

**അകിലാസ്** : അവൻ അമാനുഷിക ശക്തിയുള്ള ഒരു മനുഷ്യനാണ്. തനിക്കെതിരെ നിൽക്കുന്നവരെ നിശ്ശേഷം തച്ചുടക്കുന്ന അവന്റെ അപരിമേയമായ ശക്തിയുടെ രഹസ്യം അതെന്തെന്നറിയണം. ദലീല നിന്റെ ഈ ഉദ്യമം വിജയം കണ്ടാൽ ഞങ്ങളോരുരുത്തരും ആയിരത്തിയൊന്നുപണം വീതം നിനക്കു നല്കും.

**ഈഗാൽ** : ദലീല അവന്റെ ശക്തിയുടെ രഹസ്യം നീ ഞങ്ങൾക്കു വെളിപ്പെടുത്തുന്ന ദിനം വരെ ഞങ്ങളുടെ കണ്ണുകൾ നിന്റെ ഭവനത്തെ ലക്ഷ്യമിട്ടു പറക്കുന്നുണ്ടാകും. എല്ലാം ദാഗോൺ ദേവന്റെ പ്രീതിക്കുവേണ്ടിയാണെന്ന് കരുതിയാൽ മതി.

**(ദലീല ചതിക്ക് ഒത്താശ ചെയ്യുന്നു. അകിലാസ് ഒരു കിഴി പൊൻപണം എടുത്തുകൊടുത്തു കൊണ്ട്)**

**അകിലാസ്** : ദലീല തല്ക്കാലം ഇതിരിക്കട്ടെ... അവനെ ഏൽപ്പിച്ചു തന്നാൽ ... പൊന്നുകൊണ്ടു മൂടും ഞങ്ങൾ ...

**(ദലീല ചിരിക്കുന്നു)**

**രംഗം ഇരുളുന്നു**

**രംഗം 5**

**(സാംസണും ദലീലയും തങ്ങളുടെ കിടപ്പുമുറിയിൽ)**

**സാംസൺ** : കഴിഞ്ഞോ നിന്റെ സങ്കടം പറച്ചിൽ? പിണങ്ങി നടക്കുമ്പോഴുള്ള നിന്റെ മുഖഭാവം കാണാൻ ഒരു പ്രത്യേക ഭംഗിയുണ്ട്.

**ദലീല** : സാംസൺ മോഹിക്കാൻ കുറെ മോഹങ്ങളോ ആഗ്രഹിക്കാൻ കുറെ അഭിലാഷങ്ങളോ എനിക്കില്ല.. പക്ഷെ ഒന്നറിയണമെന്നുണ്ട്.

**സാംസൺ :** ദലീല നീ വീണ്ടും പറഞ്ഞുവരുന്നത്...

**ദലീല :** അതെ, ഞാൻ നെഞ്ചോടു ചേർത്തു സ്നേഹിക്കുന്ന ഈ പുരുഷന്റെ ശക്തിയുടെ രഹസ്യം.

**സാംസൺ :** ചില രഹസ്യങ്ങൾ എന്നേയ്ക്കുമായി പൂട്ടിയിടാൻ വിധിക്കപ്പെട്ടവയാണ്. അത് കുത്തിത്തുറക്കാൻ ശ്രമിക്കുന്നത് ശരിയാണോ...

**ദലീല :** **(വീഞ്ഞെടുത്തുകൊണ്ട്)** നിന്റെ ശക്തിയുടെ രഹസ്യം നീയെന്നോടു പറയില്ല. നിനക്കെന്നോടുള്ള സ്നേഹത്തിന് അല്പമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ എന്നോടൊപ്പം ഈ വീഞ്ഞ് പങ്കുവയ്ക്കൂ. ഇത് അല്പം രുചിച്ചു നോക്കുന്നതിൽ തെറ്റുണ്ടോ?

**സാംസൺ :** ലഹരി പാനീയങ്ങൾ എനിക്ക് നിഷിദ്ധമാണ് ദലീല. പക്ഷെ നൊമ്പരങ്ങളുടെ പടുകുഴിയിൽ വീണ് ഇരുളടഞ്ഞ എന്റെ ജീവിതത്തിന് പുതുലഹരി പകർന്നത് നിന്റെ അതിരറ്റ സ്നേഹമാണ്. ഞാനിന്ന് സന്തോഷം അനുഭവിക്കുന്നുണ്ടെങ്കിൽ ഇതെനിക്ക് രണ്ടാം ജന്മമാണ്, ആ സന്തോഷവും സ്നേഹവും നീയൊരുക്കിയ വീഞ്ഞിലൂടെ അനുഭവിക്കുന്നത് ഒരു തെറ്റായി ഞാൻ കാണുന്നില്ല.

**ദലീല :** സന്തോഷം ... **(ദലീല ഉള്ളിലൊതുക്കി ചിരിക്കുന്നു)** അങ്ങയുടെ ശക്തിയുടെ രഹസ്യം എന്നോടു മറച്ചു വയ്ക്കുന്നുണ്ടെങ്കിലും ഞാനൊരുക്കിയ വീഞ്ഞ് നുകരാൻ അങ്ങ് തയ്യാറായല്ലോ.

**(ദലീല വീണ്ടും സാംസണെ വീഞ്ഞ് കുടിപ്പിക്കുന്നു. ശേഷം കൊഞ്ചി കുഴഞ്ഞുകൊണ്ടു)**

സാംസൺ നീയെന്നെ ശരിക്കും സ്നേഹിക്കുന്നുണ്ടോ?

**സാംസൺ :** അതെന്താ നീയങ്ങനെ ചോദിച്ചത്?

**ദലീല :** അതല്ല ആത്മാർത്ഥമായി സ്നേഹിക്കുന്ന രണ്ടു പേർക്കിടയിൽ എന്തിനാ സാംസൺ രഹസ്യങ്ങൾ?

ഞാൻ എത്രയധികമായി നിന്നെ സ്നേഹിക്കുന്നു. എന്നോട് ഇനിയെങ്കിലും പറയൂ നിന്റെ ശക്തിയുടെ രഹസ്യം. വീഞ്ഞ് നുകർന്നിട്ടും ഈ ശക്തിക്കൊരു കോട്ടവും സംഭവിച്ചില്ലല്ലോ. പിന്നെയെന്താ?

**സാംസൺ** : നിന്റെ സ്നേഹം ഞാൻ മനസിലാക്കുന്നു ദലീല നീയറിയാത്തതായി ഇനിയൊന്നും ഞാനെന്റെ ജീവിതത്തിൽ അവശേഷിപ്പിക്കുന്നില്ല. എന്റെ ശക്തി... എന്റെ ശക്തി...

**ദലീല** : പറയൂ സാംസൺ.

**സാംസൺ** : അതീ മുടിയാണ് ദലീല. ക്ഷൗരക്കത്തി എന്റെ തലയിൽ സ്പർശിച്ചിട്ടില്ല. ജനനം മുതലേ ഞാൻ നാസീർ വ്രതക്കാരനാണ് മുടി വെട്ടിയാൽ എന്റെ ശക്തി നഷ്ടപ്പെട്ട് ഞാൻ മറ്റു മനുഷ്യരെപ്പോലെയാകും.

**ദലീല** : സത്യമാണോ നീ ഈ പറയുന്നത്?

**സാംസൺ** : നമുക്കിടയിൽ ഇനി രഹസ്യമൊന്നുമില്ല ദലീല. ഞാൻ നിന്നെ അത്രയധികം സ്നേഹിക്കുന്നു...
സ്നേഹിക്കുന്നു...

**(സാംസൺ മയങ്ങുന്നു)**

**ദലീല** : **(പുച്ഛഭാവത്തിൽ കത്രികയെടുത്ത് മുടി മുറിക്കുന്നു)** ഫിലിസ്ത്യഗണത്തിനു മുഴുവൻ പേടി സ്വപ്നമായ, അതികായകനായി നില കൊണ്ടവൻ ഈ ദലീലയ്ക്കു മുമ്പിൽ തോറ്റു പോയി. .. പാവം... (പശ്ചാത്തല സംഗീതം ഉയരുന്നു.)

**രംഗം ഇരുളുന്നു...**

**രംഗം 6**

**(ദാഗോൻ ദേവന്റെ ആലയം. ഭീകരനൃത്തം ചവിട്ടുന്ന മന്ത്രവാദികൾ സാസണെ ചങ്ങലകളാൽ ബന്ധിച്ചു നിർത്തിയിരിക്കുന്നു.)**

**പൂജാരി** : (തല തടവിക്കൊണ്ട്) ഓഉ... ഹാ... ഫിലിസ്ത്യജനമേ കേൾക്കൂ... നമ്മുടെ ദൈവം ദാഗോൻ തന്റെ ശത്രുവിനെ കീഴ്പ്പെടുത്തിയിരിക്കുന്നു. സന്തോഷിക്കുവിൻ.

ഉല്ലസിക്കുവിൻ

**അക്വിലാസ് :** വിളവെടുപ്പുത്സവത്തിന്റെ സായാഹ്നത്തിൽ ദേവ പ്രീതിക്കായി അണഞ്ഞിരിക്കുന്ന നിങ്ങൾക്കിതാ മറ്റൊരു സന്തോഷവാർത്ത കൂടി... നമ്മുടെ ശത്രുവായ സാംസനെ ദേവൻമാർ നമ്മുടെ കൈയിൽ ഏൽപ്പിച്ചിരിക്കുന്നു.

**ഈഗാൽ :** ഉം... അവന്റെ രക്തം ബലിത്തറയിൽ വീഴുന്നതിനുമുമ്പ് നിങ്ങൾക്കായൊരുക്കിയിരിക്കുന്ന വിരുന്നാസ്വദിക്കൂ.

**അക്വിലാസ് :** **(അട്ടഹസിച്ചുകൊണ്ട്, പുച്ഛഭാവത്തിൽ)** ഇതാ ഇസ്രായേലിന്റെ ശക്തനായവൻ... ഇന്ന് നമ്മുടെ ദേവൻമാർക്കുള്ള ബലിമൃഗം ഹ...ആഹ...

**സാംസൺ :** ചതിയിലൂടെ നിങ്ങൾ നേടിയ വിജയങ്ങൾക്ക് അല്പായുസ്സേയുള്ളൂ അക്വിലാസ്. എന്റെ യാഹ്‌വ എന്നോടും എന്റെ ജനത്തോടും കരുണ വർഷിക്കുന്നത് നീ കാണും.

**അക്വിലാസ് :** ചത്ത സിംഹത്തേക്കാൾ ജീവിച്ചിരിക്കുന്ന നായയാണ് നല്ലതെന്ന് ഇസ്രയേല്ക്കാർ തന്നെ നിന്നെക്കുറിച്ച് അടക്കം പറഞ്ഞുതുടങ്ങിയിരിക്കുന്നു. ബലിക്കല്ലിനരികെ സ്വന്തം ജീവൻ പിടയാൻ നിമിഷങ്ങൾ മാത്രം ബാക്കി നിൽക്കുമ്പോഴും നിന്റെ അഹങ്കാരത്തിന് മാത്രം ഒരുകുറവുമില്ല **(പൊട്ടിച്ചിരിക്കുന്നു)**.

**ഈഗാൽ :** എന്തിനു സംസാരിച്ചു സമയം കളയണം. ഉം... ഇവന്റെ രക്തം കൊണ്ട് ഈ ബലിക്കല്ല് കഴുകട്ടെ.

**പൂജാരി :** ദേവപ്രീതിക്കായുള്ള പൂജ തുടങ്ങട്ടെ.

**(രംഗത്തിൽ ഭീകരത സൃഷ്ടിച്ചു കൊണ്ട് പൂജയും പൂജാ നൃത്തവും. നൃത്തത്തിന്റെ മധ്യത്തിൽ പശ്ചാത്തലസംഗീതം താഴുന്നു,. സാംസൺ പ്രാർത്ഥിക്കുന്നു.)**

**സാംസൺ :** ഓ എന്റെ ദൈവമേ! എന്റെ യാചനകളുടെ സ്വരം ശ്രവിക്കണമേ. ദുഷ്കർമികളായ നീചരോടുകൂടെ

എന്നെ വലിച്ചിഴക്കരുതെ.

**അകിലാസ് :** അയ്യൊ പാവം, അവന്റെയൊരു ഗതികേട് നോക്കിക്കേ ഹ... ഹ...

**സാംസൺ :** സർവ്വശക്തനായ ദൈവമേ എന്നെയോർക്കണമേ. ഞാൻ നിന്നോട് പ്രാർത്ഥിക്കുന്നു. എന്നെ ശക്തനാക്കണമേ. ഞാൻ നിന്നോട് ഒരിക്കൽകൂടി യാചിക്കുന്നു. ഫിലിസ്ത്യരോട് പ്രതികാരം ചെയ്യാൻ എന്നെ ശക്തിപ്പെടുത്തണമേ (ന്യായാ 16:28)

**അകിലാസ്:** മരണഭയം... ഹ..ഹ...

**സാംസൺ :** എന്റെ യാഹ്‌വെ, ഫിലിസ്ത്യരോടുകൂടെ ഇതാ ഞാനും അങ്ങയിൽ ലയിക്കുന്നു. എന്റെ അപരാധങ്ങൾ എന്നോട് പൊറുക്കണമേ...

**(പശ്ചാത്തലസംഗീതം ഉയരുന്നു... സാംസണിൽ ദൈവീകശക്തി നിറയുന്നു. ഉച്ചസ്വരത്തിൽ അലറിക്കൊണ്ട് തൂണുകൾ മറിച്ചിടുന്നു. എല്ലാവരും മരിക്കുന്നു. രംഗം നിശ്ചലമാകുന്നു. ബഞ്ചമിനും കൂടെയുള്ളവരും കടന്നു വരുന്നു)**

**ബഞ്ചമിൻ :** ഇതായിരുന്നു ആ ദൈവമനുഷ്യന്റെ അന്ത്യം. ദൈവം നമ്മുടെ ഇടയിൽ സന്ദർശനം നടത്തിയ ദിനം... പക്ഷെ ഇസ്രയേൽ ഇനിയും സ്വതന്ത്രയായിട്ടില്ല...

**ബോവാസ് :** അപ്പോൾ നീ പറയുന്നത്...

**ബഞ്ചമിൻ :** അതെ ഇനിയും ജനിച്ചിട്ടില്ലാത്ത രക്ഷകന്റെ നിഴലാണവൻ... നിഴൽ മാത്രം... **(എല്ലാവരോടുമായി)** നിഴൽ മറഞ്ഞു... ഇനി ഉണ്മ തെളിയും... അതെ, നമ്മുടെ ദൈവം നമ്മോടുകൂടെ... ഇമ്മാനുവേൽ!! **(പശ്ചാത്തലസംഗീതം ഉയരുന്നു)**

**തിരശീല**

*

## കെസിബിസി ബൈബിൾ കമ്മീഷൻ
## ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ

LOGOS QUIZ (ന്യായാ 1:10, ലൂക്കാ 9:16, 2 കോറി 7:13, പ്രഭാ 34:40)

1. ഏതു രാജാവിനോടാണ് ബസേക്കിൽവച്ച് യൂദായും ശിമയോനും യുദ്ധം ചെയ്തത്? അദോണിബസേക്ക് (ന്യായാ 1:5)
2. കാലെബ് ഹെബ്രോണിൽനിന്ന് ആരെയാണ് പുറത്താക്കിയത്? അനാക്കിന്റെ മൂന്നുപുത്രന്മാരെ (ന്യായാ1:20)
3. ഇസ്രായേലിനെതിരേ കോപം ജ്വലിച്ച കർത്താവ് അവരെ ആരുടെ ആധിപത്യത്തിനാണു വിട്ടുകൊടുത്തത്? ചുറ്റുമുള്ള ശത്രുക്കളുടെ ആധിപത്യത്തിന് (ന്യായാ 2:14)
4. ഏഹൂദ് ഏതു ഗോത്രക്കാരനായിരുന്നു? ബഞ്ചമിൻ (ന്യായാ 3:15)
5. ദബോറ എഴുന്നേറ്റ് ബാറക്കിനോടുകൂടെ പോയതെവിടേക്കാണ്? കേദെഷിലേക്ക് (ന്യായാ 4:9)
6. സെബുലൂണിൽനിന്ന് താഴേക്ക് അണിയായി നീങ്ങിയതാര്? സൈന്യാധിപന്റെ ദണ്ഡു വഹിച്ചവർ (ന്യായാ 5:14)
7. ജറുബ്ബാൽ എന്ന പേരിന്റെ അർഥമെന്ത്? ബാൽതന്നെ അവനെതിരായി മത്സരിക്കട്ടെ (ന്യായാ 6:32)
8. സ്വപ്നവും അതിന്റെ വ്യാഖ്യാനവും കേട്ടപ്പോൾ ഗിദെയോൻ എന്തു ചെയ്തു? ദൈവത്തെ വണങ്ങി (ന്യായാ 7:15)
9. സേബായെയും സൽമുന്നായെയും വധിക്കാൻ ഗിദെയോൻ ആവശ്യപ്പെട്ടതാരോടാണ്? തന്റെ ആദ്യജാതനായ യഥറിനോട് (ന്യായാ 8:20)
10. അബിമെലക്ക് എത്ര വർഷം ഇസ്രായേൽ ഭരിച്ചു? മൂന്നു വർഷം (ന്യായാ 9:22)
11. അബിമെലക്കിനുശേഷം ഇസ്രായേലിനെ രക്ഷിക്കാൻ നിയുക്തനായതാര്? തോല (ന്യായാ 10:1)
12. ജായിറിന് എത്ര പുത്രന്മാരുണ്ടായിരുന്നു? മുപ്പതു പുത്രന്മാർ (ന്യായാ 10:4)
13. ആരാണ് വളരെ കാര്യങ്ങൾ അറിയുന്നത്? വിദ്യാസമ്പന്നൻ (പ്രഭാ 34:9)
14. കർത്താവ് കണ്ണുകളെ പ്രകാശിപ്പിക്കുന്നതെങ്ങനെയാണ്? ആത്മാവിനെ ഉത്തേജിപ്പിച്ച് (പ്രഭാ 34:20)
15. കർത്താവിനെ എങ്ങനെയാണ് മഹത്ത്വപ്പെടുത്തേണ്ടത്? മനം തുറന്ന് (പ്രഭാ 35:10)

16. കർത്താവിന്റെ കരബലം എങ്ങനെ പ്രകടമാക്കണമെന്നാണ് പ്രഭാഷകൻ അപേക്ഷിക്കുന്നത്?
അടയാളങ്ങളും അദ്ഭുതങ്ങളും വീണ്ടും പ്രവർത്തിച്ച് (36:6-7)
17. ആരുടെ തല തകർക്കണമെന്നാണ് പ്രഭാഷകൻ പ്രാർഥിക്കുന്നത്?
ഞങ്ങൾക്കുതുല്യം മറ്റാരുമില്ലെന്നു ജല്പിക്കുന്ന ശത്രുരാജാക്കന്മാരുടെ (പ്രഭാ 36:12)
18. അനേകരുടെ മരണത്തിന് ഇടയാക്കിയിട്ടുള്ളതെന്ത്?
അമിതഭോജനം (പ്രഭാ 37:31)
19. ശക്തികെടുത്തുന്നതെന്ത്? ഹൃദയവേദന (പ്രഭാ 38:18)
20. അത്യുന്നതന്റെ നിയമങ്ങൾ പഠിക്കുന്നതിൽ താത്പര്യമുള്ളവന്റെ സ്തുതി ഉദ്ഘോഷിക്കുന്നതാര്? സമൂഹം (പ്രഭാ 39:10)
21. പ്രഭാ 39:19 പ്രകാരം കർത്താവ് കാണുന്നതെന്ത്?
മർത്ത്യന്റെ പ്രവൃത്തികൾ (പ്രഭാ 39:19)
22. പ്രഭാ 40:17 പ്രകാരം എന്നേക്കും നിലനിൽക്കുന്നതെന്ത്?
ദാനധർമം
23. പ്രസന്നതയെയും സൗന്ദര്യത്തെയുംകാൾ ആനന്ദദായകമായത് എന്താണ്? വയലിലെ ഇളംതളിരുകൾ (പ്രഭാ 40:22)
24. പ്രഭാ 40:1 നു സമാനമായ ബൈബിൾഭാഗങ്ങൾ ഏവ?
ജോബ് 5:7, സഭാ 1:3
25. ബഥ്സയ്ദായിൽവച്ച് ജനങ്ങളെ പറഞ്ഞയയ്ക്കണമെന്ന് 12 പേരും യേശുവിനോട് ആവശ്യപ്പെട്ടത് എപ്പോഴാണ്?
പകൽ അസ്തമിച്ചു തുടങ്ങിയപ്പോൾ (ലൂക്കാ 9:12)
26. അഞ്ചപ്പവും രണ്ടു മീനും വർദ്ധിപ്പിച്ച് യേശു ജനത്തിനു നൽകിയപ്പോൾ അവരെ എത്രവീതമുള്ള പന്തികളായാണ് ഇരുത്തിയത്?
അമ്പതു വീതം (ലൂക്കാ 9:14)
27. എന്തിനുമുമ്പ് മരിക്കുകയില്ലാത്ത ചിലർ ഈ നിൽക്കുന്നവരുടെ ഇടയിലുണ്ട് എന്നാണ് യേശു ലൂക്കായുടെ സുവിശേഷത്തിൽ പറയുന്നത്? ദൈവരാജ്യം കാണുന്നതിന് (ലൂക്കാ 9:27)
28. രൂപാന്തരീകരണമലയിൽവച്ച് ശിഷ്യന്മാർ ഭയപ്പെടുവാൻ കാരണമെന്ത്? യേശുവും പത്രോസും മേഘത്തിനുള്ളിലായപ്പോൾ (ലൂക്കാ 9:34)
29. യേശുവിനെ അനുഗമിക്കാനാഗ്രഹിച്ചു വന്ന മൂന്നു പേരിൽ മൂന്നാമൻ യേശുവിനെ അനുഗമിക്കുന്നതിനുമുമ്പായി എന്തു ചെയ്യാനുള്ള അനുവാദമാണ് അപേക്ഷിച്ചത്?
വീട്ടുകാരോട് വിടവാങ്ങാനുള്ള അനുവാദം (ലൂക്കാ 9:61)
30. ലൂക്കാ 9:51 ലെ ആരോഹണം എന്ന പദം വിവക്ഷിക്കുന്നതെന്ത്?
യേശുവിന്റെ കുരിശുമരണം, ഉയിർപ്പ്, സ്വർഗാരോഹണം

31. സുവിശേഷപ്രഘോഷണത്തിനായി ക്രിസ്തുശിഷ്യൻ ഏതെങ്കിലും ഗ്രാമത്തിൽ പ്രവേശിക്കുമ്പോൾ അവിടെയുള്ള രോഗികളെ സുഖപ്പെടുത്തിയശേഷം അവരോട് എന്താണു പറയേണ്ടത്?
ദൈവരാജ്യം നിങ്ങളെ സമീപിച്ചിരിക്കുന്നു (ലൂക്കാ 10:9)

32. കൊറാസീനിലും ബേത്സയ്ദായിലും നടന്ന അത്ഭുതങ്ങൾ എവിടെ നടന്നിരുന്നെങ്കിലാണ് അവിടത്തെ ജനങ്ങൾ പണ്ടേതന്നെ പശ്ചാത്തപിക്കുമായിരുന്നുവെന്ന് യേശു പറയുന്നത്?
ടയിറിലും സീദോനിലും (ലൂക്കാ 10:13)

33. നല്ല സമരിയാക്കാരന്റെ ഉപമയിൽ "കവർച്ചക്കാരന്റെ കൈയിൽപ്പെട്ട മനുഷ്യന് മൂവരിൽ ആരാണ് അയൽക്കാരൻ" എന്ന യേശുവിന്റെ ചോദ്യത്തിന് നിയമജ്ഞർ നല്കിയ മറുപടിയെന്ത്?
അവനോടു കരുണ കാണിച്ചവൻ (ലൂക്കാ 10:37)

34. പ്രാർത്ഥനയുടെ ശക്തിയെ സൂചിപ്പിക്കാൻ യേശു ഒരിക്കൽ പറഞ്ഞു നിങ്ങളിൽ ഏതൊരു പിതാവാണ് മകൻ മീൻ ചോദിച്ചാൽ പകരം പാമ്പിനെ കൊടുക്കുക? മറ്റു രണ്ടു വസ്തുക്കൾകൂടി ബന്ധപ്പെടുത്തി യേശു ഒരു ചോദ്യംകൂടി ചോദിക്കുന്നുണ്ട്. ആ രണ്ടു വസ്തുക്കളേത്?
മുട്ടയും തേളും (ലൂക്കാ 11:12)

35. യേശു താൻ പിശാചുക്കളെ പുറത്താക്കുന്നത് എങ്ങനെയെന്നാണ് അരുൾ ചെയ്യുന്നത്? ദൈവകരംകൊണ്ട് (ലൂക്കാ 11:20)

36. പതിനെട്ടുവർഷം സാത്താൻ ബന്ധിച്ചിട്ടിരുന്നവളായ അബ്രാഹത്തിന്റെ ഈ മകളെ സാബത്തുദിവസം അഴിച്ചുവിടേണ്ടതില്ലേന്നോ എന്ന യേശുവിന്റെ ചോദ്യം കേട്ട് ലജ്ജിതരായത് ആര്?
പ്രതിയോഗികൾ (ലൂക്കാ 13:17)

37. ആരുടെ അടയാളമല്ലാതെ മറ്റൊരടയാളവും ഈ തലമുറയ്ക്കു നല്കപ്പെടുകയില്ല എന്നാണ് യേശു പറയുന്നത്?
യോനായുടെ (ലൂക്കാ 11:29)

38. കാണപ്പെടാത്ത കുഴിമാടങ്ങൾപോലെയാണ് നിങ്ങളെന്ന് യേശു കുറ്റപ്പെടുത്തുന്ന യഹൂദവിഭാഗമേത്? ഫരിസേയർ (ലൂക്കാ 11:44)

39. "നിങ്ങളോ അകത്തുപ്രവേശിച്ചില്ല; പ്രവേശിക്കാൻ വന്നവരെ തടസ്സപ്പെടുത്തുകയും ചെയ്തു." യേശു ഇപ്രകാരം വിമർശിക്കുന്നതാരെ?
നിയമജ്ഞരെ (ലൂക്കാ 11:52)

40. പിതൃസ്വത്ത് താനുമായി പങ്കുവയ്ക്കാൻ സഹോദരനോട് കല്പിക്കണമെന്ന് ആവശ്യപ്പെട്ടവനോട് യേശു പറഞ്ഞ ഉപമയേത്?
ഭോഷനായ ധനികന്റെ ഉപമ (ലൂക്കാ 12:13-21)

41. അനേകവർഷത്തേക്കുവേണ്ട വിഭവങ്ങൾ സംഭരിച്ച ഭോഷനായ ധനികൻ തുടർന്ന് എന്തു ചെയ്യുവാനാണു തീരുമാനിച്ചത്?
വിശ്രമിക്കാനും തിന്നുകുടിച്ച് ആനന്ദിക്കാനും (ലൂക്കാ 12:19)

42. തങ്ങൾവഴി കോറിന്തോസുകാർക്ക് ഒരു നഷ്ടവും ഉണ്ടായിട്ടില്ല എന്നു പറയുന്ന പൗലോസ് ശ്ലീഹാ അതിനു കാരണമായി പറയുന്നതെന്ത്?
കോറിന്തോസുകാരുടെ ദു:ഖം ദൈവഹിതപ്രകാരമായിരുന്നു (2 കോറി 7:9)

43. മരണത്തിലേക്കു നയിക്കുന്ന ദുഃഖമേതാണ്?
ലൗകികമായ ദു:ഖം (2 കോറി 7:10)

44. എന്തിലൂടെയാണ് കോറിന്തോസുകാരുടെ സ്നേഹം യഥാർത്ഥമാണെന്ന് പൗലോസ് ശ്ലീഹാ തെളിയിക്കുന്നത്?
മറ്റുള്ളവരുടെ ഉത്സാഹത്തിലൂടെ (2 കോറി 8:8)

45. തീത്തോസിനോടുകൂടെ കോറിന്തോസിലേക്ക് പൗലോസ് ശ്ലീഹാ അയച്ച സഹോദരൻ എന്തിനുവേണ്ടിയാണ് ശ്ലീഹന്മാർ നിർവഹിക്കുന്ന കാരുണ്യപ്രവർത്തനങ്ങളിൽ സഹകാരിയായി സഭകളാൽ നിയോഗിക്കപ്പെട്ടത്? കർത്താവിന്റെ മഹത്ത്വവും ശ്ലീഹന്മാരുടെ സന്മനസ്സും വെളിപ്പെടേണ്ടതിന് (2 കോറി 8:19)

46. എന്തിനുവേണ്ടിയാണ് സഹോദരൻമാരെ താൻ അയച്ചിരിക്കുതെന്നാണ് 2 കോറി 9:3 ൽ പൗലോസ് ശ്ലീഹാ പറയുന്നത്?
തയ്യാറായിരിക്കണം (2 കോറി 9:3)

47. പൗലോസ് ശ്ലീഹായും സഹോദരരും എന്തെല്ലാമാണ് തകർക്കുന്നത്?
ദൈവത്തെപ്പറ്റിയുള്ള അറിവിനെതിരായ വാദമുഖങ്ങളെയും
ഔദ്ധത്യപൂർണമായഎല്ലാ പ്രതിബന്ധങ്ങളെയും (2 കോറി 10:5)


48. പരസ്പരം അളക്കാനും തുലനം ചെയ്യാനും സാഹസപ്പെടുന്ന വിഡ്ഢികളാണ് അവർ. അവർ ആര്?
ആത്മപ്രശംസ നടത്തുന്നവർ (2 കോറി 10:12)

49. കോറിന്തോസുകാർ എന്തു സഹിക്കുമെന്നാണ് പൗലോസ് ശ്ലീഹാ പ്രതീക്ഷിക്കുന്നത്?
അല്പം ഭോഷത്തം സംസാരിക്കുന്നത് (2 കോറി 11:1)

50. 2 കോറി 11:2 നു സമാനമായ പഴയനിയമഭാഗമേത്?
ഹോസി 2:19-20

**ലോഗോസ് രൂപതാതല പരീക്ഷയ്ക്ക് ഈ ചോദ്യങ്ങൾ ഏറെ പ്രയോജനകരമാണ്**

## 2024 യുവജന വർഷത്തിന്റെ ഭാഗമായി KCBC യുവജനകമ്മീഷൻ, TABULA എന്ന പേരിൽ, കത്തോലിക്ക മീഡിയ രംഗത്ത്




കൊച്ചി: 2024 യുവജന വർഷത്തിന്റെ ഭാഗമായി KCBC യുവജനകമ്മീഷൻ, TABULA എന്ന പേരിൽ, കത്തോലിക്ക മീഡിയ രംഗത്ത് സജീവമായ, ആകാനാഗ്രഹിക്കുന്ന യുവജനങ്ങളുടെ കോൺക്ലെവ് സംഘടിപ്പിച്ചു.

ഏപ്രിൽ 12 വെള്ളി 5 മണി മുതൽ 14 ഞായർ 4 മണി വരെ കൊച്ചി പാലാരിവട്ടം POC യിൽ വെച്ച് നടത്തിയ ടാബുള 24 കെസിബിസി വൈസ് പ്രസിഡന്റ് മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. ദി ഫേസ് ഓഫ് ദി ഫേസ്‌ലെസ് എന്ന സിനിമയുടെ സംവിധായകൻ ശ്രീ ഷെയിസൻ പി ഔസേഫ് ടാബുളയിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

കേരളത്തിലെ 32 രൂപതകളിൽ നിന്നുമുള്ള യുവജനങ്ങളും സന്യസ്തരും ഒത്തുചേർന്ന ടാബുള യൂത്ത് മീഡിയ കോൺക്ലെവ് ഒരു പുതിയ അനുഭവം ആയിരുന്നു. നിന്റെ വിശ്വാസം നിന്റെ സ്വരം എന്ന ടാഗ് ലൈനോട് കൂടി ആരംഭിച്ച യുവജനമാധ്യമ കോൺക്ലേവ് സമാപിച്ചു.

# LEAD ON കെ.സി.വൈ.എം സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്: തിരുവനന്തപുരം അതിരൂപതയിൽ

വെള്ളയമ്പലം: കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വത്തിനായി കെ.സി.വൈ.എം സംസ്ഥാന സമിതി നേതൃത്വം നൽകുന്ന LEAD ON നേതൃത്വപരിശീലന ക്യാമ്പിന് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആതിഥേയത്വത്തിൽ വെള്ളയമ്പലം ജൂബിലി മെമ്മോറിയൽ അനിമേഷൻ സെന്ററിൽ ആരംഭംകുറിച്ചു.

സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും തണലുകൾ തീർക്കുവാൻ, നേതൃത്വപാടവമുള്ള യുവജനങ്ങളെ വാർത്തെടുക്കുവാൻ, പുതിയ കാലത്തിന്റെ നാൾവഴികളിൽ ഇന്നലെകളെക്കാൾ വേഗതയിൽ സഞ്ചരിക്കാൻ, കർമ്മപാതയിൽ ക്രിസ്തുവിനെ അടുത്തനുകരിക്കാൻ സഹായിക്കുന്ന നേതൃത്വപരിശീലന ക്യാമ്പ് തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാനും കെസിബിസി യുവജന കമ്മീഷൻ ചെയർമാനും കൂടിയായ ക്രിസ്തുദാസ് പിതാവ് ഉദ്ഘാടനം ചെയ്തു. കെസിവൈഎം സംസ്ഥാന പ്രസിഡന്റ് ശ്രീ എം ജെ ഇമ്മാനുവൽ അധ്യക്ഷത വഹിച്ച യോഗത്തിൽ കെസിവൈഎം സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര ആമുഖ പ്രഭാഷണം നൽകുകയും കത്തീഡ്രൽ വികാരി മോൺ. വിൽഫ്രഡ് ഇ., സംസ്ഥാന അസി. ഡയറക്ടർ സി. റോസ് മെറിൻ എസ് ഡി, കെസിവൈഎം തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിഡന്റ് സാനു സാജൻ, കെസിവൈഎം തിരുവനന്തപുരം ലത്തീൻ അതിരൂപത ഡയറക്ടർ ഫാ. അസീസി ജോൺ സുമേഷ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. 32 രൂപതകളിൽ നിന്നായി 100-ഓളം യുവജന നേതാക്കന്മാർ പങ്കെടുക്കുന്ന നേതൃത്വ പരിശീലന ക്യാമ്പ് ഞായറാഴ്ച്ച അവസാനിച്ചു.



സമീക്ഷകൻ

# കണ്ണിൽ കനവും, കരളിൽ കനലുമായി...

കേരള കത്തോലിക്കാസഭ യുവജനവർഷം ആചരിക്കുകയാണ് ഈ വർഷം. ഈ വർഷാചരണത്തോടനുബന്ധിച്ചുള്ള കർമ്മപദ്ധതികൾക്ക് പാലാരൂപതയിലാണ് ഏപ്രിൽ 7 ന് തുടക്കം കുറിച്ചത്. സംസ്ഥാനതലത്തിൽ രൂപതാ ഡയറക്ടർമാരുടെയും ആനിമേറ്റഴ്സിന്റെയും സംഗമം 'ആത്മ - 2024' എന്ന പേരിൽ പി.ഒ.സി. യിൽ മാർച്ച് 13 ന് സംഘടിപ്പിക്കുകയുണ്ടായി. 'കണ്ണിൽ കനവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവയുവത്വം' എന്ന വിശേഷണത്തോടെ സംസ്ഥാനമൊട്ടാകെയുള്ള യുവതയുടെ കൂടി വരവുകൾക്ക് പി.ഒ.സി.യിൽ സംഘടിപ്പിച്ച 'ആത്മ-2024' എത്രത്തോളം പ്രചോദനമേകിയെന്നത് എല്ലാ രൂപതകളിലും ഉയർന്നുകേട്ട ആ സംഗമത്തിന്റെ ആത്മീയമായ അലയൊലികൾ സാക്ഷ്യമായി. ഇന്നും കേരളസഭയുടെ സർവമേഖലകളിലുമുള്ള ചലനാത്മകതയ്ക്ക് കെസിബിസിയുടെ ആസ്ഥാനകാര്യാലയമായ പി.ഒ.സി തന്നെയാണ് ആരംഭ ദീപം തെളിയിക്കുന്ന വേദിയായി മാറുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ മാർഗനിർദ്ദേശത്തിന്റെ ആശീർവാദവുമായി ഈ കൂടി വരവുകൾ പരിണമിക്കുന്നു. 'യൂ ക്യാറ്റിന്റെ' മലയാള പരിഭാഷ 2011 ഒക്ടോബർ 29 നാണ് പി.ഒ.സി. പ്രസിദ്ധീകരിച്ചത്. ഈ വർഷാചരണത്തിൽ മുഴങ്ങിക്കേട്ട ആപ്തവാക്യമായുള്ള 'നിങ്ങളുടെ വിശ്വാസം, നിങ്ങളുടെ സ്വരം എന്നത് യൂ ക്യാറ്റ് മുന്നോട്ടുവച്ച വിശ്വാസത്തിന്റെ ഏഴ് സവിശേഷതകളെയും (നമ്പർ 21) സ്നേഹാർദ്രമായി സ്പർശിക്കുന്നുണ്ട്. നിത്യയുവാവായ യേശുനാഥന്റെ വഴിയിലൂടെ നമ്മുടെ യുവത വിശ്വാസതലങ്ങളിൽ കൂടുതൽ ആർജ്ജവം സ്വായത്തമാക്കട്ടെ.

**- ആന്റണി ചടയംമുറി -**

CHAVARA INSTITUTE KOCHI
Managed by CMI Fathers
Since 1980

# SSLC, +2 കഴിഞ്ഞവർക്ക്

## ഡിഗ്രി/ഡിപ്ലോമ കോഴ്സുകൾക്ക്
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

**PARTTIME JOB, 100% PLACEMENT SUPPORT**







### ഹോട്ടൽ മാനേജ്മെന്റ്

- **B.VOC - Degree in Hotel Management & Catering Technology**
- Diploma in Hotel Management
- Bakery & Confectionery
- Diploma in Professional Cookery
- PG Diploma in Hotel Operations
- Culinary Operations
- Pastry, Cake Baking & Decoration

### ഏവിയേഷൻ

- **B.VOC - Degree in Airport & Airline Management**
- IATA - Passenger Ground Services Agent
- IATA - Airline Cabin Crew
- Adv. Diploma in Airline & Hospitality Management with IATA

REGIONAL TRAINING PARTNER IATA

CHAVARA STUDIO & FILM SCHOOL KOCHI

*" Inside Find Your Celestial Self "*



www.chavarafilmschool.com

### ചാവറ ഫിലിം സ്കൂൾ കൊച്ചി
സിനിമ സ്വപ്നം കാണുന്നവർക്ക്...
അവസരമൊരുക്കുന്നു

- Diploma in Film Direction
- Diploma in Film Editing
- Diploma in Screen Acting
- Diploma in Script Writing

**Near South Metro Station, Kochi - 682011**
**chavarahm@gmail.com | www.chavarainstitute.com**
**9947850404 / 9947840404 / 9495142011**

TALENT May 2024
Total Pages : 68 PRICE per copy : Rs. 15

RNI No. KER/MAL/29523/78



# PASTORAL TRAINING INSTITUTE (P.T.I.), PALARIVATTOM, KOCHI.

## CERTIFICATE COURSE IN DIPLOMA ON MISSION
## WITNESSES OF MERCY

### COURSE DETAILS

- **12 Modules** (One Year)
- **Duration** (2024–2025) June – March
- **Every IInd Friday & Saturday of the month**
- **Rs. 1000/– per module**

### OBJECTIVE

- Forming Mature Christian Leaders with Zeal for Evangelization

### DYNAMICS OF THE COURSE

- Skill Development - Personality Skills
- Psychological Skills
- Leaders Skill
- Role Plays
- Group Dynamics
- Spiritual Grooming
- Individual Attention
- Mission Visits

### FORMATION MODULE

- The Kerala and the Indian Context of Mission
- Scriptural and Magisterial Foundation of Mission and Evanglization
- Sacramental Life and Mission Dialogue as means of Evangelization
- Institutional and Charismatic Dimension of Mission and Evangelization (Charism and Ministry)
- Basics of Catechism of the Catholic Church
- The Theology of Christian Leadership

**50 SEATS ONLY**







**2024–2025 ADMISSION OPEN**

**FOR REGISTRATION**
9447441109
8113876979

Pastoral Orientation Centre, Secretariat, Kerala Catholic Bishops' Council,
Palarivattom, Kochi 682 025. e-mail : ptipoc@gmail.com

Printed and published by Fr. Jolly Vadakken for Talent Publication Society,
P.O.C., Palarivattom, Kochi - 682 025
Printed at Divine Printers, Muringoor, Chalakudy. Chief Editor : Fr. Tony Kozhimannil